

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

എടക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-**676505**

ഇ-മെയിൽ: **dompm.ksad@kerala.gov.in**

ഫോൺ : **0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ. എസ്. എ. എം. പി. എം. 26/3000/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 23/01/2026
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടക്കര ഗ്രാമപഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്

ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ്. എ. എം. പി. എം. തീയ്യതി: 23/01/2026
26/3000/2025

മലപ്പുറം ജില്ലയിലെ എടക്കര ഗ്രാമപഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-12-2024 മുതൽ 15-12-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ഓഡിറ്റ് പരാമർശങ്ങൾ 24-12-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അൾറഫ് പെരുമ്പള്ളി കെ.എ.എസ്.	ഡെപ്യൂട്ടി ഡയറക്ടർ	16-12-2025	24-12-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
16-12-2025	24-12-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ സത്താർ സി പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. അസീന എ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് നൗഷാദ് എ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജസ്ന എം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ഒ.ടി.ജയിംസ്	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. രാധാകൃഷ്ണൻ കെ കെ	സെക്രട്ടറി	01-04-2024	01-04-2024
ശ്രീ. നിജൂ ആന്റോ	സെക്രട്ടറി-ഇൻ-ചാർജ്ജ്	02-04-2024	28-05-2024
ശ്രീ. രാധാകൃഷ്ണൻ കെ കെ	സെക്രട്ടറി	29-05-2024	07-09-2024
ശ്രീ. ഹാരിസ് ഖാൻ എം	സെക്രട്ടറി-ഇൻ-ചാർജ്ജ്	08-09-2024	22-09-2024

ശ്രീ. ബിജു പി ജെ	സെക്രട്ടറി	23-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. നിജു ആന്റോ	അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്)	01-04-2024	20-08-2024
ശ്രീ. ഹാരിസ് ഖാൻ എം	അസിസ്റ്റന്റ് സെക്രട്ടറി	21-08-2024	31-03-2025
ശ്രീമതി. എബിത ജോസഫ്	കൃഷി ഓഫീസർ	01-04-2024	22-04-2024
ശ്രീമതി. രേഷ്മ ടി	കൃഷി ഓഫീസർ	23-04-2024	06-06-2024
ശ്രീമതി. എബിത ജോസഫ്	കൃഷി ഓഫീസർ	07-06-2024	31-03-2025
ശ്രീമതി. ചിന്നു ചന്ദ്രൻ	വെറ്റിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി. മൃദുല കെ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2024	31-03-2025

ശ്രീമതി. നൂർജഹാൻ	ഹെഡ്മിസ്ട്രസ്	01-04-2024	31-03-2025
ശ്രീമതി. ഷൈനി തോമസ്	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	01-04-2024	31-10-2024
ശ്രീ. ശരത് പി	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	01-11-2024	14-11-2024
ശ്രീ. മുഹമ്മദ് ഷരീഫ് കെ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	15-11-2024	08-01-2025
ശ്രീമതി. ഷീബ എസ്	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	09-01-2025	31-03-2025
ശ്രീമതി. ശിഫ എൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-01-2025
ശ്രീമതി. അനഘ എ എ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-02-2025	31-03-2025
ശ്രീ. പ്രവീൺ വി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ഡോ. അമീൻ ഫൈസൽ	മെഡിക്കൽ	01-04-2024	31-03-2025

കെ എം	ഓഫീസർ(എഫ് എച്ച് സി)		
ഡോ. ഷർമിള	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ചട്ട പ്രകാരമുള്ള മുഴുവൻ രേഖകളും വാർഷിക കണക്കിനോടൊപ്പം ഉൾകൊള്ളിച്ചിട്ടില്ല	1-1-1
3	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	ഗ്രാന്റ് ഇനങ്ങളിലെ ചെലവ് ACR, AFS എന്നിവയുമായി പൊരുത്തപ്പെടുന്നില്ല	1-1-3
5	ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-4
6	Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല	1-1-5
7	വായ്പ അപാകതകൾ	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം (Receipt And Payment Report പ്രകാരം)	1-3
10	മെയിന്റനൻസ് ഫണ്ട് (റോഡ്) 47.66 ലക്ഷം രൂപ ലാപ്സായി	1-4-1

11	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-4
12	പദ്ധതി അവലോകനം	1-5
13	തൊഴിലുറപ്പു പദ്ധതി	1-6
14	ക്ഷേമപദ്ധതികൾ	1-7
15	ക്യാഷ് പരിശോധന	1-8
16	ആഭ്യന്തര നിയന്ത്രണം	1-9
17	മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം	1-10
18	ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച്.	1-11
19	ജലജീവൻ മിഷൻ പദ്ധതി- അവലോകനം	1-12
20	കറന്റ് അക്കൗണ്ടിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കുന്നതിനാൽ വരുമാന നഷ്ടം.	1-13
21	വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.	1-14
22	തൊഴിൽ നികുതി - അപാകതകൾ	1-15
23	പരിഷ്കരിച്ച തൊഴിൽ നികുതി ഈടാക്കിയില്ല	1-16
24	അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്	1-17

25	പാരാമെഡിക്കൽ സ്ഥാപനങ്ങൾ /സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷൻ/ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു	1-18
26	ടർഫുകൾക്ക് നികുതി ചുമത്തിയില്ല	1-19
27	ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം - നിർവ്വഹണത്തിലെ അപാകതകൾ	1-20
28	സഞ്ചയയിൽ ഉൾപ്പെടാത്ത/അനധികൃത നിർമ്മാണങ്ങളിൽ സ്കൂളിന് ഫിറ്റ്നസ് അനുവദിച്ചു.	1-21
29	വിദ്യഭ്യാസ സ്ഥാപനത്തിന്റെ കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ	1-22
30	ഗ്രാമ പഞ്ചായത്ത് വാഹനങ്ങളുടെ പരിപാലനം - VEELS ൽ വിവരങ്ങൾ ചേർക്കുന്നില്ല, മറ്റ് അപാകതകൾ	1-23
31	ഇലക്ട്രിക് ഗ്രഡ്സ് ഓട്ടോ വാങ്ങിയ ഉടനെ ഉപയോഗ ശൂന്യമായി- തുടർനടപടികൾ സ്വീകരിച്ചില്ല.	1-24
32	മുൻകൂർ തുക നൽകി - KMSCLൽ നിന്ന് മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.	1-25
33	മുഴുവൻ പദ്ധതി ചെലവുകളും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല	1-26
34	ജനറൽ കമ്മിറ്റി മിനിട്സ് - യോഗനടപടിക്രമങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നില്ല	1-27

35	ഹോമിയോ മരുന്ന് ലഭ്യമായില്ല	1-28
36	കുഴൽ കിണർ നിർമ്മാണം - ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭ്യമാക്കിയില്ല, അപാകതകൾ	1-29
37	ഗ്രാമപഞ്ചായത്തിലെ കംപ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- വാറണ്ടി, സ്റ്റോക്ക് അപാകതകൾ	1-30
38	സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി- അപാകതകൾ	1-31
39	സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് അടവാക്കൽ- സംയുക്ത പരിശോധന വിവരം ലഭ്യമാക്കേണ്ടതാണ്.	1-32
40	പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് അടവാക്കൽ- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.	1-33
41	വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല	1-34
42	തനത് ഫണ്ട് ചെലവുകൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.	1-35
43	SSK വിശദമായ വിനിയോഗ വിവരം ലഭ്യമല്ല	1-36
44	ആശുപത്രി വികസന സമിതിയുടെ വാർഷിക കണക്കുകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.	1-37
ഭാഗം **2**		

--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ /വായ്പ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-9
10	ചാർജ് സർചാർജ് നടപടികളുടെ വിവരം.	4-10
11	ഓഡിറ്റ് പ്രത്യവലോകനം.	4-11

12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.	4-12
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. എടക്കര ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.06.2025 തീയതിയിലെ 2/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 15.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ്

വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്നതുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എടക്കര ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി : 23/01/2026

1-1-1 ചട്ട പ്രകാരമുള്ള മുഴുവൻ രേഖകളും വാർഷിക കണക്കിനോടൊപ്പം ഉൾകൊള്ളിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. ചട്ട പ്രകാരമുള്ള മുഴുവൻ രേഖകളും വാർഷിക ധനകാര്യ പത്രികക്കൊപ്പം ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 29/24-25/24.12.25) ന് മറുപടി ലഭ്യമാക്കി.

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalents‘ ആയി രേഖപ്പെടുത്തിയ തുകയും (243356) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (70425396) തുല്യമല്ല.

1-1-3 ഗ്രാന്റ് ഇനങ്ങളിലെ ചെലവ് **ACR, AFS** എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

താഴെ പറയുന്ന ഫണ്ടിലെ എ.സി.ആർ (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ) പ്രകാരമുള്ള ചെലവ് വാർഷിക ധനകാര്യ പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

ഫണ്ടിനം	എ.സി.ആർ പ്രകാരമുള്ള ചെലവ്	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് **[(B-3 Of 2024-25) – (B-3 Of 2023-24) + I-6]**	വ്യത്യാസം
CFC Tied	4581445	5465367 [800000-800000+5465367]	883922
CFC Untied	3616793	2693510 [886876-886876+2693510]	923283

1-1-4 ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകയുടെ ആധികാരികത പരിശോധിക്കാനായില്ല.

1-1-5 Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

വാർഷിക കണക്കുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 29/24-25 തിയ്യതി:24.12.2025) മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-1-6 വായ്പ അപാകതകൾ

1)വാർഷിക കണക്ക് പ്രകാരമുള്ള ലൈഫ് ലോൺ വിവരങ്ങൾ ചുവടെ ചേർക്കുന്നു

ലോൺ വരവ് (RP 31)	മുൻബാക്കി (B5 Of AFS 2023-24)	ആകെ	തിരിച്ചടവ് (ആകെ - നീക്കിയിപ്പ്)	നീക്കിയിരിപ്പ് (B5 Of AFS 2024-25)
10761462	74516195	85277657	5921462	79356195

A) ലോൺ തിരിച്ചടവിന്റെ (GO പ്രൊജക്ട് പ്രകാരമുള്ള) വിവരങ്ങൾ I 14 (B) യിൽ ഉൾപ്പെടുത്തിയില്ല.

B) GO പ്രൊജക്ട് പ്രകാരം സെക്രട്ടറി തിരികെ അടവാക്കിയത് 6844380 രൂപയാണ്. ആയത് തിരിച്ചടവ് തുകയുമായി പൊരുത്തപ്പെടുന്നില്ല. (വ്യത്യാസം 922918 രൂപ)

2)ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട KURDFC ലോൺ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മുൻബാക്കി (B5 Of AFS 2023-24)	തിരിച്ചടവ് (ആകെ തുക-നീക്കിയിപ്പ് തുക)	നീക്കിയിരിപ്പ് (B5 Of AFS 2024-25)
15742057	4493053	11249004

A) ലോൺ രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, KURDFC

ഗ്രാമപഞ്ചായത്തിന് സമർപ്പിച്ച KURDFC/GP/334/2015 തിയ്യതി : 17.06.2023 കത്തിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഷോപ്പിംഗ് കോംപ്ലക്സുമായി ബന്ധപ്പെട്ട ലേൺ വിവരങ്ങൾ പരിശോധിച്ചത്. ഇത് പ്രകാരം 01.07.23 മുതൽ 79,49,918/- രൂപയാണ് അടവാക്കാനുള്ളത്. മാസത്തവണ 331117 രൂപ നിരക്കിൽ അടവാക്കി 30.09.2025 ന് ലോൺ ക്ലോസ് ചെയ്തതിട്ടുണ്ട്. മേൽ കത്ത് പ്രകാരം 31.03.2025 ന് ശേഷം അടവാക്കാൻ ഉള്ളത് 1986702 (331117 X 6) രൂപയാണ്. എന്നാൽ AFS പ്രകാരം ആയത് 11249004/- രൂപയാണ്, 92622302 രൂപയുടെ വ്യത്യാസം ഉണ്ട്.

B) ലോൺ തിരിച്ചടവിന്റെ വിവരങ്ങൾ AFS ൽ ഉൾപ്പെടുത്തിയില്ല.

3) ലോൺ രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ രണ്ട് ലോൺ വിവരങ്ങളുടെയും ആധികാരികത ഉറപ്പ് വരുത്താനായിട്ടില്ല.

1-2 ബജറ്റ്

ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി	പുതുക്കിയ തീരുമാന നം./തിയ്യതി
1/1 തീയതി. 12.02.2024	3/1 തീയതി.14.03.2025

1-3 സാമ്പത്തിക വിശകലനം (Receipt And Payment Report പ്രകാരം)

മുന്നിരിപ്പ്	50253100
വരവ്	100004048

ആകെ	150257148
ചെലവ്	99760692
നീക്കിയിരിപ്പ്	50496456

1-4-1 മെയിന്റനൻസ് ഫണ്ട് (റോഡ്) 47.66 ലക്ഷം രൂപ ലാപ്സായി

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ മരാമത്ത് പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കി സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് ഫണ്ട് ചെലവഴിക്കാൻ കഴിയാത്തതിനാൽ റോഡ് മെയിന്റനൻസ് ഗ്രാന്റിനത്തിൽ വലിയ തുക ഗ്രാമ പഞ്ചായത്തിന് ലാപ്സായി. ലാപ്സായ ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ലഭ്യമായ തുക	ചെലവഴിച്ച തുക	ബാലൻസ് (ലാപ്സായത്)
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	1,63,33,000	1,15,66,324	47,66,676

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായി അംഗീകാരം നേടിയതും മെയിന്റനൻസ് ഗ്രാന്റ് റോഡ് 1,92,15,424രൂപ അടങ്കൽ വച്ചതുമായ പദ്ധതികളിൽ ആകെ 1,15,66,324 രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. റോഡ് മെയിന്റനൻസ് ഗ്രാന്റ് അടങ്കൽ വച്ച 25 പദ്ധതികൾ തൻവർഷത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ഇടുന്നതിനായി കുഴിച്ച റോഡുകൾ പൂർവ്വ സ്ഥിതിയിൽ ആക്കാത്തതിനാലാണ് മെയിന്റനൻസ് ഫണ്ട ഉൾപ്പെട്ട റോഡ് പ്രവത്തികൾ പൂർത്തീകരിക്കാൻ

കഴിയാതിരുന്നതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.25/24-25/22.12.25) മറുപടി ലഭ്യമാക്കിയത്. റോഡ് വികസനത്തിന് മാത്രം വിനിയോഗിക്കാൻ കഴിയുന്ന ഫണ്ടാണ് മെയ്ന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട്. സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാലാണ് ഗ്രാന്റ് ലാപ്സായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ജൽ ജീവൻ മിഷൻ പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ പല ഗ്രാമ പഞ്ചായത്തുകളിലും സമയോജിതമായി പ്രോജക്ടുകൾ ഭേതഗതി വരുത്തി ലഭ്യമായ ഫണ്ട് പരമാവധി വിനിയോഗിക്കാൻ ശ്രമിച്ചിട്ടുണ്ട്. ലഭ്യമായ ഫണ്ട് യഥാസമയം വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	വരവ് തുക	ആകെ	ചെലവ് തുക	നീക്കിബാക്കി
വികസന ഫണ്ട് (ജനറൽ)	0	1,66,50,844	1,66,50,844	1,66,50,844	0
വികസനഫണ്ട് (എസ്.സി.പി)	0	29,38,458	29,38,458	29,38,458	0
വികസനഫണ്ട് (ടി.എസ്.പി)	0	38,76,318	38,76,318	21,94,174	16,82,144
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	1,63,33,000	1,63,33,000	1,15,66,324	47,66,676
സംരക്ഷണ ഗ്രാന്റ്	0	87,25,000	87,25,000	71,16,265	16,08,735

(റോഡിതരം)					
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied	0	96,34,100	96,34,100	45,81,445	50,52,655
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-un Tied	0	38,32,796	38,32,796	36,16,793	2,16,003

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

വർഷം	അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
2024-25	250	290975228	163	111373621	0	87	65.2%

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-6 തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	3792	2144958	2148750	2147106	1644
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	50899671	50899671	50899671	0

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	3550400	210
വിധവാപെൻഷൻ	19433300	1240
വാർദ്ധക്യകാലപെൻഷൻ	35522000	2352
വികലാംഗപെൻഷൻ	6438300	415
വിവാഹ ധനസഹായം	180000	6

50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	636800	41

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.12.2025 ന് 02:55 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,172/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1) സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്-13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2) ജനറൽ കമ്മിറ്റി മീറ്റിങ്ങ് മിനുട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. പല മിനുട്സുകളും പ്രസിഡന്റ് അംഗീകരിച്ചിട്ടുള്ളത് യോഗം നടന്ന് മാസങ്ങൾക്ക് ശേഷമാണ്.

3) സുലേഖ പത്രികയിൽ മുഴുവൻ അടങ്കൽ തുകയും, മുഴുവൻ ചെലവും പ്രതിഫലിക്കുന്നില്ല.

4) വെറ്റിനറി സർജൻ, മെഡിക്കൽ ഓഫീസർ (FHC), കൃഷി ഓഫീസർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5) അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്കിലെ വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	24.01.2023	11/2022 മുതൽ 12/2022 വരെ	24.01.2023
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	ലഭ്യമല്ല	2009-2010	05.05.2011

1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച്.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 സാമ്പത്തിക വർഷം മുതൽ ഗ്രാമപഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി എടക്കര ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും,

ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. ഓഡിറ്റ് എൻക്വയറി നമ്പർ 01/2024-25/16.12.2025 ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെയും വാർഷിക കണക്ക് പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ **(**വർഷം**,** ഇനം തിരിച്ച്**)**

വർഷം	സ്കീം -1 Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs	സ്കീം - 3 Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs	സ്കീം - 4 Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres	ആകെ
2021-22	0	0	0	0
2022-23	0	236447	110000	346447
2023-24	0	963000	401000	1364000
2024-25	0	402000	638000	1040000
ആകെ	**0**	**1601447**	**1149000**	**2750447**

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

വർഷം	സ്കീം -1	സ്കീം - 3	സ്കീം - 4	ആകെ
2021-22	0	0	0	0

2022-23	0	109201	79995	189196
2023-24	0	459521	299605	759126
2024-25	0	471348	119610	590958
ആകെ	0	**1040070**	**499210 ***	**1539280**

* സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവാണ് രേഖപ്പെടുത്തിയിട്ടുള്ളത്

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

വർഷം	സ്കീം -1	സ്കീം - 3	സ്കീം - 4	ആകെ.
2024-25	0	612195	641077	1253272

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

വർഷം	പദ്ധതിയുടെ പേര്.	ചെലവ് തുക
2022-23	174/23, പി.എച്ച്.സിയിലേക്ക് രോഗനിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ	109201
	175/23, സബ് സെന്ററുകൾക്ക് ഹെൽത്ത് ആന്റ് വെൽനസ്സ് സൗകര്യം ഏർപ്പെടുത്തൽ	79995
2023-24	172/24, സബ് സെന്ററുകൾക്ക് ഹെൽത്ത് ആന്റ് വെൽനസ്സ് സൗകര്യം ഏർപ്പെടുത്തൽ (So)	24900
	173/24, പി.എച്ച്.സിയിലേക്ക് രോഗനിർണ്ണയ	49270

	സൗകര്യങ്ങൾ ഒരുക്കൽ (So)	
	202/24, പി.എച്ച്.സിയിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	410251
	203/24, സബ് സെന്ററിനെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ ആക്കൽ	274705
2024-25	266/25, സബ് സെന്ററിനെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ ആക്കൽ (So)	119610
	267/24, പി.എച്ച്.സിയിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (So)	471348
ആകെ		**1539280**

5) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

ഇല്ല.

ഗ്രാന്റ് വിനിയോഗ പുരോഗതി/ ഫലപ്രാപ്തി.

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടത്തിയ പ്രോജക്ടുകൾ പൊതുവെ തൃപ്തികരമായി നടപ്പാക്കിയിട്ടുണ്ട്.

1-12 ജലജീവൻ മിഷൻ പദ്ധതി- അവലോകനം

2024 ഓടു കൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും പൈപ്പിലൂടെ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ്

ജലജീവൻ മിഷൻ പദ്ധതി. ജനകീയ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 ആണ്. സംസ്ഥാന വിഹിതത്തിന്റെ പകുതി തദ്ദേശ ഭരണ സ്ഥാപനവും ഗുണഭോക്താക്കളും വഹിക്കണം. തദ്ദേശ ഭരണ സ്ഥാപന വിഹിതം- 15% ഉം 10% ഗുണഭോക്തൃ വിഹിതവുമാണ്. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.5.2025 ലെ ഡി.കെ.എസ്.എ/201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം എടക്കര ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിനൊപ്പം ഗ്രാമ പഞ്ചായത്തിൽ മേൽ പദ്ധതി നടത്തിപ്പ് പരിശോധനാ വിധേയമാക്കി.

1. തുക വകയിരുത്തൽ/ വാട്ടർ അതോറിറ്റിക്ക് കൈമാറൽ

കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിന്റെ വിഹിതം 15% ഗുണഭോക്തൃ വിഹിതമായ 10% എന്നിവ വാട്ടർ അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്ത് നാളിതു വരെ ജലജീവൻ പദ്ധതിക്കായി തുക വകയിരുത്തുകയോ വാട്ടർ അതോറിറ്റിക്ക് കൈമാറുകയോ ചെയ്തിട്ടില്ല.

2. പദ്ധതി നടപ്പാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിക്കായി ഭൂമി ഏറ്റെടുത്തിട്ടുണ്ട്. മറ്റ് നടപടികൾ ആയിട്ടില്ല. ജലനിധിക്ക് വേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ റീസ്റ്റോറേഷൻ പൂർത്തിയായി വരുന്നു എന്നാണ് അറിയിച്ചത്. ഇതിനായി വാട്ടർ അതോറിറ്റിയിൽ നിന്നും തുക ഒന്നും തന്നെ ലഭ്യമായിട്ടില്ല.

1-13 കറന്റ് അക്കൗണ്ടിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കുന്നതിനാൽ വരുമാന നഷ്ടം.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2023 തിയ്യതിയിലെ സർക്കുലർ നമ്പർ

എൽ.എസ്.ജി.ഡി./പിഡി/20073/2023-ആർഇവി2 പ്രകാരം BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റിനായി നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ്- കൊമേഴ്ഷ്യൽ ബാങ്കുകളിൽ പ്രത്യേക കറണ്ട് ബാങ്ക് അക്കൗണ്ട് ആരംഭിക്കാം എന്നും ഗ്രാമ പഞ്ചായത്തുകൾ എല്ലാ മാസവും ടി അക്കൗണ്ടിൽ ലഭിച്ച തുക റീകൺസിലിയേഷൻ നടത്തി നിലവിലുള്ള തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫെർ ചെയ്യേണ്ടതാണെന്നും ടി അക്കൗണ്ടുകൾ മറ്റ് ഇടപാടുകൾക്കോ ധന വിനിയോഗങ്ങൾക്കോ യാതൊരു കാരണവശാലും ഉപയോഗിക്കാൻ പാടില്ലാത്തതുമാണെന്നും വ്യക്തമാക്കിയിട്ടുള്ളതുമാണ്

ഗ്രാമപഞ്ചായത്തിലേയ്ക്ക് ഓൺലൈൻ ഇടപാടുകൾ മുഖേന പണം സ്വീകരിക്കുന്നതിനായി ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

ക്രമ നം	അക്കൗണ്ട് നമ്പർ	ബാങ്ക്, ബ്രാഞ്ച്	നീക്കിയിരിപ്പ് തുക 31.03.2025 തിയ്യതിയിൽ (₹)
1	67378247689 (ഇ പേയ്മെന്റ്)	എസ് ബി ഐ	11269612
2	42180435341 (യു പി ഐ)	എസ് ബി ഐ,	25566836
	ആകെ		36836448

കറന്റ് അക്കൗണ്ടുകളിൽ അക്കൗണ്ട് നിലനിർത്തുന്നതിന് വേണ്ട ഒരു നിശ്ചിത തുക നിലനിർത്തിയ ശേഷം ബാക്കി തുക പലിശ ലഭിക്കുന്ന എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നെങ്കിൽ പലിശ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാനം ലഭിക്കുമായിരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2023 തിയ്യതിയിലെ സർക്കുലർ നിർദ്ദേശത്തിനു വിരുദ്ധമായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലെ വലിയ തുക പലിശരഹിത

അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/23.12.2025) മറുപടി ലഭ്യമാക്കിയില്ല. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-14 വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ താഴെപ്പറയുന്ന കടമുറികളുടെ 2024-25 ലെ വാടക ഈടാക്കിയിട്ടില്ല

ക്രമ നം.	വാടകക്കാരന്റെ പേര്	വാടക രജിസ്റ്റർ പ്രകാരം റൂം നമ്പർ	പ്രതിദിനവാടക	കുടിശ്ശികയായ മാസം	ഈടാക്കാൻ അവശേഷിക്കുന്ന വാടക
1	അബ്രഹാം	4	620	02/25 - 03/25	36580+GST
2	അനൂപ്	15	510	02/25 - 03/25	30090+GST
3	അബൂബക്കർ	6	615	09/24 - 03/25	130380+GST
4	നൗഷാദലി	7	610	08/24 - 03/25	148230+GST
5	അജർഷാദ്	9	615	09/24 - 03/25	130380+GST
6	ഇഹ്ജാസ്	5	615	04/24 - 03/25	224475+GST

മേൽ വ്യക്തികളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച തുടർനടപടികൾ രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 27/23.12.25) ന്

മറുപടി ലഭ്യമാക്കിയില്ല.

കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് 29.07.2016 ലെ 4-)ം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ബൈലാ ഖണ്ഡിക 19 പ്രകാരം ലേലം കൊണ്ടയാൾ മുറിയുടെ പ്രതിമാസ വാടക അതാത് മാസം 5 -)ം തിയ്യതിക്ക് മുമ്പ് അടവാക്കേണ്ടതും വീഴ്ച വരുത്തിയാൽ നിശ്ചിത തിയ്യതി മുതൽ പണം അടക്കുന്നതിയ്യതി ഉൾപ്പെടെയുള്ള കാലത്തേക്ക് പ്രതിമാസം 1 % പിഴ പലിശയോട് കൂടി അടക്കേണ്ടതും ആയതിനും വീഴ്ച വരുത്തുന്ന സംഗതിയിൽ സെക്രട്ടറി തുക അടവാക്കാൻ രേഖാമൂലം നോട്ടീസ് നൽകേണ്ടതും അതിന് വീഴ്ച വരുത്തുമ്പോൾ സെക്രട്ടറി ഉടൻ തന്നെ പരിസരങ്ങൾ താത്കാലികമായി അടച്ചിടേണ്ടതും പോലീസിന്റെ സഹായത്തോടെയോ അല്ലാതെയോ കൈവശക്കാരെ അവിടെ നിന്ന് ഒഴിവാക്കേണ്ടതാണെന്ന് പറയുന്നു. ഖണ്ഡിക 20,21,22,23 എന്നിവ പ്രകാരം അടച്ചിടുമ്പോൾ സെക്രട്ടറി നൽകിയ നോട്ടീസിലെ തുക അടവാക്കാത്ത പക്ഷം ലൈസൻസ് റദ്ദാക്കി ഉത്തരവ് അറിയിക്കേണ്ടതും പൊതുനോട്ടീസ് നൽകിയ ശേഷം വിജ്ഞാപനം ചെയ്തിട്ടുള്ള ദിവസം പരിസരങ്ങളിൽ കാണപ്പെട്ട വകകൾ ലേലം വഴിയോ അല്ലാതെയോ കയ്യൊഴിക്കേണ്ടതാണെന്നും പറയുന്നു. മേൽ വാടക കുടിശ്ശിക ഈടാക്കാൻ നടപടികൽ സ്വീകരിച്ചതായി കാണുന്നില്ല.

മേൽ വാടക്കാരുടെ മേൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-15 തൊഴിൽ നികുതി - അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആ അർധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും ആ അർധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ കലയിലോ

ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതെ അല്ലെങ്കിൽ ബിസിനസ്സ് നടത്തുന്നതോ പൊതുവോ സ്വകാര്യമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയോ ചെയ്യുന്നവനുമായ ഏതൊരാളുടെ മേലും തൊഴിൽ നികുതി ചുമത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ചുവടെ കൊടുത്ത പാരാമെഡിക്കൽ/സ്വകാര്യ ആശുപത്രികൾ 2024-25 വർഷം രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല.

ക്രമനം	സ്ഥാപനത്തിന്റെ പേര്	അടവാക്കാത്ത കാലയളവ് (അർദ്ധവർഷം)	രജിസ്ട്രേഷൻ അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം	രജിസ്ട്രേഷൻ രജിസ്റ്ററിലെ ക്രമ നമ്പർ
1	ഡോ. ജോസ്സിസ് ഡോക്ടർ ഡയഗ്നോസ്റ്റിക് സെന്റർ	1 & 2	5	1
2	ഫാമിലി ഡെന്റൽ ക്ലിനിക്	1 & 2	2	3
3	ലൈഫ് ലൈൻ	1 & 2	2	4

	ഡയഗ്നോസ്റ്റിക് സെന്റർ			
4	ബയോസ്കാൻ മെഡിക്കൽ ലബോറട്ടറി	1 & 2	2	6
5	നക്ഷത്ര ആയുർവേദ & സ്പോർട്സ് ക്ലിനിക്	1 & 2	3	8
6	നൻമ ലാബ് & ബ്ലഡ്സിംഗ് ഹെൽത്ത് കെയർ	1 & 2	2	9
7	സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്	1 & 2	4	11
8	ആയിഷ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്	1 & 2	2	14
9	മെഡ് സ്കാൻ ഡയഗ്നോസ്റ്റിക് സെന്റർ	1 & 2	5	15

10	രാജാസ് ഡെന്റൽ കെയർ	1 & 2	2	16
11	നീതി മെഡിക്കൽ ലബോറട്ടറി	1 & 2	2	17
12	ശ്രുതി ഡെന്റൽ ക്ലിനിക്	1 & 2	2	18
13	ഐശ്വര്യ ക്ലിനിക് & ഡയഗ്നോസ്റ്റിക് സെന്റർ	1 & 2	3	20
14	യൂണിറ്റി ഡയഗ്നോസ്റ്റിക് സെന്റർ	1 & 2	3	21
15	ദയ ക്ലിനിക്	1 & 2	3	22
16	ഉപ്പട ക്ലിനിക്	1 & 2	6	26
17	സ്മൈൽ ഡെന്റൽ കെയർ	1 & 2	3	27

2. താഴെ കൊടുത്ത സ്ഥാപനങ്ങൾ രണ്ടാം അർധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ക്രമ	സ്ഥാപനത്തിന്റെ പേര്	അടവാക്കാത്ത കാലയളവ്

നം		(അർദ്ധവർഷം)
1	MIC ഇംഗ്ലീഷ് മീഡിയം സ്കൂൾ	2
2	കെ പി എം ജനറൽ ഹോസ്പിറ്റൽ എടക്കര	2
3	MT ഗോൾഡ് ലാൻഡ്	2
4	പ്രദീപ് സാർ സ് സ്മാർട്ട് അക്കാദമി LLP	2
5	ഭാരത് ചിട്ട്സ് & ഫണ്ട്സ് കലാസാഗർ	2

മേൽ സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക എത്രയുണ്ടെന്ന് കണക്കാക്കാൻ സാധിച്ചിട്ടില്ല.

3. കേരള പഞ്ചായത്ത് രാജ് ആക്ട് 204 ,1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി ചട്ടങ്ങൾ) ചട്ടം 4 എന്നിവ പ്രകാരം കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന കരാറുകാർ 2024-25 വർഷത്തിൽ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്ന് ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം	കരാറുകാരന്റെ പേര്
1	മുഹമ്മദ് എം
2	ചേക്കു

3	ഗോപകുമാർ കെ വി
4	ശബീർ പി
5	അസൈനാർ വി
6	ലത്തീഫ് എം
7	വിനു ജോസഫ്
8	മുബഷിർ അലി
9	സനീദ് റാഫി

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/19.12.2025) ന് മറുപടി ലഭ്യമാക്കിയില്ല.

മുകളിൽ പരാമർശിച്ച സ്ഥാപനങ്ങളിലെ 2024-25 വർഷത്തിലെ മുഴുവൻ ജീവനക്കാരുടെയും കരാറുകാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) ഹാജരാക്കേണ്ടതാണ്. ആയത് പരിശോധിച്ച് ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-16 പരിഷ്കരിച്ച തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആ അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും ആ അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ കലയിലോ

ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതെ അല്ലെങ്കിൽ ബിസിനസ്സ് നടത്തുന്നതോ പൊതുവോ സ്വകാര്യമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയോ ചെയ്യുന്നവനുമായ ഏതൊരാളുടെ മേലും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

സ.ഉ(സാധാ) നം. 1149/2024/എൽ എസ് ജി ഡി തിയ്യതി 27.06.2024 പ്രകാരം തൊഴിൽ നികുതിയുടെ പരിഷ്കരിച്ച നിരക്കുകൾ താഴെ പറയുന്നു.

സ്ലാബ്	അർദ്ധവാർഷിക വരുമാനം	നികുതി നിരക്ക് (പ്രാബല്യം 01.10.2024)
1	11,999 വരെ	ഇല്ല
2	12000 - 17999	320
3	18000 - 29999	450
4	30000 - 44999	600
5	45000 - 99999	750
6	100000 - 124999	1000
7	125000 മുതൽ	1250

എടക്കര ഗ്രാമ പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

താഴെ പറയുന്ന ജീവനക്കാരിൽ നിന്ന് രണ്ടാം അർദ്ധവർഷത്തിൽ തുക ഈടാക്കിയതിൽ അപാകത

ക്രമ	സ്ഥാപനത്തിന്റെ	ജീവനക്കാരന്റെ	അർധവാർഷിക	ഈടാക്കിയ	ഈടാക്കേണ്ട	കുറവ്

നം.	പേര്	പേര്	വരുമാനം	തുക	തുക	വന്ന തുക
1	ശ്രീ. വിവേകാനന്ദ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ	കുഞ്ഞൻ	48000	450	750	300
2	NSS UP സ്കൂൾ ഉപ്പട	ആതിര പി (ഡെയിലി വേജസ്)	44885	300	600	300
3	സാമ്രാട്ട് ഹോട്ടൽ & ടൂറിസ്റ്റ് ഹോം	ശരത്	39000	300	600	300
4		ജിതില	36000	300	600	300
5		അനന്തു	36000	300	600	300
6		ശശീന്ദ്രൻ	72000	600	750	150
7		ശ്രീജിത്ത്	60000	600	750	150
8		ഉണ്ണികൃഷ്ണൻ	36000	300	600	300
9		ജയദേവൻ	39000	300	600	300
10		ദിനേഷ്	54000	450	750	300

11		കുഞ്ഞൻ	42000	300	600	300
12		വിജയൻ	42000	300	600	300
13		വിപിൻദാസ്	54000	450	750	300
14		അനിൽ	45000	450	750	300
15		കൃഷ്ണൻ	45000	450	750	300
16		ദിലീപ്	45000	450	750	300
17		രാഘവൻ	42000	300	600	300
18		പങ്കജാക്ഷൻ നായർ	39000	300	600	300
19		രാജീവ്	45000	450	750	300
	ആകെ			7350	12750	5400

മേൽ ജീവനക്കാരിൽ നിന്ന് പരിഷ്കരിച്ച തൊഴിൽ നികുതി ഈടാക്കിയില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (05/19.12.2025) മറുപടി ലഭ്യമാക്കിയില്ല. മേൽ ജീവനക്കാരിൽ നിന്ന് പരിഷ്കരിച്ച തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-17 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2011 കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്യൂപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യൂപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20 /2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളും രേഖകൾ സഹിതം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (06/19.12.2025) താഴെ പറയുന്ന മറുപടി ലഭ്യമാക്കി.

കെട്ടിടങ്ങളുടെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി 2 പേരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും 16,5,6 വാർഡുകളിലെ വിവരശേഖരണം പൂർത്തിയായെന്നും 1,4 വാർഡുകളിൽ വിവരശേഖരണം നടന്നുവരികയാണെന്നും സോഫ്റ്റ്വെയറിൽ വിവരങ്ങൾ ചേർക്കാനുള്ള സൗകര്യം ലഭ്യമാവുന്ന മുറയ്ക്ക് ചേർക്കുന്നതാണെന്നും അറിയിച്ചു. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-18 പാരാമെഡിക്കൽ സ്ഥാപനങ്ങൾ /സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷൻ/ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

എടക്കര ഗ്രാമ പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ /സ്വകാര്യ ആശുപത്രികൾ എന്നിവയുടെ രജിസ്ട്രേഷൻ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 270 പ്രകാരം സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ

സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യേണ്ടതും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. സെക്ഷൻ 270 A പ്രകാരം രജിസ്റ്റർ ചെയ്യാതെയോ, രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനു ശേഷവും തുടർന്നും ഒരു സ്വകാര്യ ആശുപ്രതിയോ പാരാ മെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപവരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറു രൂപവരെയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. താഴെ പറയുന്ന ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് 2024-25 വർഷം രജിസ്ട്രേഷൻ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ക്രമനം	സ്ഥാപനത്തിന്റെ പേര്	ലൈസൻസ് രജിസ്റ്ററിലെ ക്രമനമ്പർ
1	തയ്യിൽ ആയുർ കെയർ ആയുർവ്വേദ ക്ലിനിക്	100
2	AFA ലബോറട്ടറി	161
3	Remedy മെഡിക്കൽ ലാബ്	191
4	വീനസ് യൂനാനി ക്ലിനിക്	292
5	Medsia ഡെന്റൽ കെയർ	463
6	ശിഫ മെഡിക്കൽ ലാബ്	497
7	ഡോ. തസ്നീംസ് അൽശിഫ ഹോമിയോ ക്ലിനിക്	525
8	സാന്ത്വനം ലാബ്	565

മേൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (07/19.12.25) മറുപടി ലഭ്യമാക്കി. പ്രസ്തുത സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തു എന്ന് ഉറപ്പാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-19 ടർഫുകൾക്ക് നികുതി ചുമത്തിയില്ല

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് 05.04.2023 ലെ സ.ഉ.(അ)നം. 25/2023/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമം അനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയതിൽ ക്രമ നമ്പർ 6d പ്രകാരം ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയ്ക്ക് വസ്തു നികുതി ചുമത്തേണ്ടതാണ്. ആയത് പ്രകാരം 03.05.2023 ലെ 3(1) നമ്പർ ഭരണസമിതി തീരുമാന പ്രകാരം എടക്കര ഗ്രാമപഞ്ചായത്ത് നികുതി പുനഃ നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ടർഫുകൾ, സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ എന്നിവയിക്ക് നിശ്ചയിച്ച നികുതി നിരക്ക് ച.മീ ന് 25 രൂപയാണ്.വാർഡുകളിൽ പ്രവർത്തിക്കുന്ന ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയുടെ വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/24-25/19.12.25) താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്, ഉടമയുടെ പേര്	വാർഡ്, കെട്ടിട നമ്പർ	വാർഷിക വസ്തുനികുതി
1	ജിംങ്ക ടർഫ്, അനൂപ് ഒതളക്കുഴി, എടക്കര	9, കെട്ടിട നമ്പർ നൽകിയിട്ടില്ല	ഡിമാന്റ് ചെയ്തിട്ടില്ല

2	അരീന ടർഫ്, അലി കിഴക്കേ പീടിക, കലാസാഗർ	9, കെട്ടിട നമ്പർ നൽകിയിട്ടില്ല	ഡിമാന്റ് ചെയ്തിട്ടില്ല
3	എൻകാസ ടർഫ്, ഫായിസ് നാലുകണ്ടത്തിൽ എടക്കര	10, കെട്ടിട നമ്പർ നൽകിയിട്ടില്ല	ഡിമാന്റ് ചെയ്തിട്ടില്ല

മേൽ ടർഫുകൾക്ക് കെട്ടിട നമ്പർ നൽകേണ്ടതും വസ്തുനികുതി ചുമത്തി, ആയത് ഈടാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-20 ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം - നിർവ്വഹണത്തിലെ അപാകതകൾ

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം എന്ന പ്രൊജക്ട് പ്രകാരം ക്ഷീര കർഷകർക്ക് കാലിത്തീറ്റക്ക് സബ്സിഡി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിവരവും, പദ്ധതി നിർവ്വഹണത്തിലെ അപാകതകളും ചുവടെ ചേർക്കുന്നു.

പ്രൊജക്ട്	SO 180/2024-25
അടങ്കൽ	1725866 (825866 വികസനഫണ്ട് ജനറൽ + 900000 ഗുണഭോക്തൃവിഹിതം)
ചെലവ്	825866 (വികസനഫണ്ട് ജനറൽ)
വൗച്ചർ/ബിൽ നമ്പർ, തുക	Rs. 77372/- Bill No 241519520346002764O3/ 12.06.2024

	Rs. 49358/- Bill No 241519520346002764 00/ 12.06.2024 Rs. 64032/- Bill No 241519520346002763 94/ 12.06.2024 Rs. 82754/- Bill No 241519520346002763 91/ 12.06.2024 Rs. 91500/- Bill No 241519520346002763 90/ 12.06.2024 Rs. 74725/- Bill No 241519520346002763 86/ 12.06.2024 Rs. 88450/- Bill No 241519520346002763 81/ 12.06.2024 Rs. 53525/- Bill No 241519520346002763 76/ 12.06.2024 Rs. 88450/- Bill No 241519520346002763 73/ 12.06.2024 Rs. 76400/- Bill No 241519520346002763 71/ 12.06.2024 Rs. 79300/- Bill No 241519520346002763 69/ 12.06.2024

<u>അപാകതകൾ.</u>

1) സബ്സിഡി മാർഗ്ഗരേഖ 115/2022/LSGD/28.05.2022-ലെ 6.3.16 പ്രകാരം കറവപശുക്കൾക്കുള്ള

കാലിത്തീറ്റ ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്. ആയതിനാൽ കാലിത്തീറ്റ നിർവഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ കാലിത്തീറ്റ ഉദ്പാദക സ്ഥാപനങ്ങളിൽ നിന്നും വാങ്ങി, സ്റ്റോക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി, വിതരണത്തിന് വേണ്ടി ക്ഷീര സഹകരണ സംഘങ്ങളെ ഏൽപ്പിക്കേണ്ടതും വിതരണം ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ, ക്ഷീര കർഷക സംഘങ്ങൾ കാലിത്തീറ്റ വാങ്ങി വിതരണം ചെയ്തു എന്ന രേഖകളുടെ അടിസ്ഥാനത്തിൽ, പദ്ധതിപണം ക്ഷീര സംഘങ്ങൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയത് ക്രമത്തിലല്ല.

2) ഗുണഭോക്തൃ വിഹിതം ക്ഷീര കർഷക സംഘങ്ങൾ പിരിച്ചെടുക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് പദ്ധതിക്കുള്ള ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാൻ ക്ഷീര സഹകരണ സംഘങ്ങളെ ചുമതലപ്പെടുത്തിയത് ക്രമ പ്രകാരമല്ല. ഗുണഭോക്തൃ വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും, കാലിത്തീറ്റ വാങ്ങുന്നതിന് ആയതിൽ നിന്നും ചെലവഴിക്കേണ്ടതുമാണ്.

ഓഡിറ്റ് പരാമർശത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/22.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് പദ്ധതി നിർവ്വഹണം നടത്തുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

1-21 സഞ്ചയയിൽ ഉൾപ്പെടാത്ത/അനധികൃത നിർമ്മാണങ്ങളിൽ സ്കൂളിന് ഫിറ്റ്നസ് അനുവദിച്ചു.

ഗ്രാമപഞ്ചായത്ത് ഫിറ്റ്നസ് അനുവദിച്ചിട്ടുള്ള ചുവടെ ചേർത്ത വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട

വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ പരിശോധിച്ചത് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	സ്ഥാപനം	സഞ്ചയ പ്രകാരം വിസ്തീർണ്ണം
1	4/484	ശ്രീ. വിവേകാനന്ദ എൽ പി സ്കൂൾ	താഴത്തെ നില (180 ച മീ)
2	4/485	ശ്രീ. വിവേകാനന്ദ ഹയർ സെക്കന്ററി സ്കൂൾ	താഴത്തെ നില (600 ച മീ)
3	4/486	ശ്രീ. വിവേകാനന്ദ ഹൈ സ്കൂൾ	താഴത്തെ നില (600 ച മീ)

ക്രമ നം. 1,2,3 എന്നിവ പ്രകാരം താഴത്തെ നിലയിൽ മാത്രമായി ആകെ 1380 ച.മീ ന് മാത്രമാണ് ഗ്രാമപഞ്ചായത്ത് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളത്. എന്നാൽ മേൽ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റുകൾ, ഫിറ്റ്നസ്സിനായുള്ള സ്കൂളിന്റെ അപേക്ഷ എന്നിവ പ്രകാരം, എൽ പി വിഭാഗം - 860.7 ച.മി. + യുപി, ഹൈസ്കൂൾ, വി എച്ച് എസ് - 4215 ച.മി + ഹയർസെക്കന്ററി - 2251 ച.മീ എന്നിങ്ങനെ ആകെ 7326.70 ച.മീറ്റർ വിസ്തീർണ്ണം വിദ്യാഭ്യാസ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്സ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നമ്പർ അനുവദിക്കാത്ത 5947.3 ച.മീ വിസ്തീർണ്ണം അനധികൃത നിർമാണങ്ങൾക്ക് ഫിറ്റ്നസ്സ് അനുവദിച്ചിട്ടുണ്ട്. മേൽ സ്ഥാപനത്തിന്റെ കെട്ടിടങ്ങളിൽ താഴത്തെ നിലകൾ മാത്രമല്ല, ഒന്നിലധികം നിലകളുള്ള കെട്ടിടങ്ങളിലായാണ് സ്കൂളുകൾ പ്രവർത്തിക്കുന്നത് എന്ന് 23.12.2025ലെ ശ്രീ.അബ്ദുൾ സത്താർ. സി.പി (ഓഡിറ്റ് ഓഫീസർ), ശ്രീ. മുഹമ്മദ് നൗഷാദ്. എ.കെ (സീനിയർ ഗ്രേഡ് ഓഡിറ്റർ), ശ്രീ. രാജ് കുമാർ. കെ.പി, (സീനിയർ ക്ലാർക്ക്, എടക്കര ഗ്രാമപഞ്ചായത്ത്) എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഓഡിറ്റ് കണ്ടെത്തിയിട്ടുമുണ്ട്. ഇത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 08/19.12.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് നമ്പർ അനുവദിക്കാത്ത 5946.7 ച.മീ വിസ്തീർണ്ണം നിർമ്മിതികളിൽ സ്കൂളിന് ഫിറ്റ്നസ്സ് അനുവദിച്ചതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-22 വിദ്യഭ്യാസ സ്ഥാപനത്തിന്റെ കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ

ഗ്രാമപഞ്ചായത്ത് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ സ്കൂളും അനുബന്ധിച്ച് പ്രവർത്തിക്കുന്ന അൺ എയിഡഡ് കോളേജ്/സ്കൂൾ കെട്ടിട വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിലും സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പരിശോധിച്ചതിൽ ടി സ്ഥാപനത്തിലെ കെട്ടിടങ്ങൾ സഞ്ചയ പ്രകാരം താഴത്തെ നില മാത്രമാണ് ഉള്ളത് എന്നും ടി സ്ഥാപനത്തിന്റെ വെബ്സൈറ്റ് പ്രകാരം ഒന്നിലധികം നിലകളുള്ള കെട്ടിടങ്ങളിലായാണ് സ്ഥാപനം പ്രവർത്തിക്കുന്നത് എന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികളുടെ സ്ഥലപരിശോധനയോടൊപ്പം, ഗ്രാമപഞ്ചായത്തിലെ പാലേമാട് എന്ന സ്ഥലത്ത് പ്രവർത്തിച്ച് വരുന്ന ശ്രീ.വിവേകാനന്ദ എയിഡഡ് സ്കൂളുകളും അടുത്ത കെട്ടടങ്ങളിലായി തന്നെ പ്രവർത്തിച്ച് വരുന്ന ഇംഗ്ലീഷ് മീഡിയം സ്കൂൾ, SVPK കോളേജ്, ടി.ടി.ഐ തുടങ്ങിയവയുടെ കെട്ടിടങ്ങൾ 23.12.2025ന് ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് സ്ഥല പരിശോധന നടത്തിയതിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	സഞ്ചയ പ്രകാരം സ്ഥാപനം	സഞ്ചയ പ്രകാരം വിസ്തീർണ്ണം	സ്ഥല പരിശോധനയിലെ കണ്ടെത്തലുകൾ
1	4/484	ശ്രീ.	താഴത്തെ	സഞ്ചയയിൽ സ്കൂളുകൾ ഉൾപ്പടെ

		വിവേകാനന്ദ എൽ പി സ്കൂൾ	നില (180 ച മീ)	എല്ലാം താഴത്തെ നില മാത്രമുള്ള കെട്ടിടങ്ങളാണ്. എന്നാൽ യഥാർത്ഥത്തിൽ സൈറ്റിൽ ഓട് മേഞ്ഞ താഴത്തെ നില മാത്രമുള്ള 3 കെട്ടിടങ്ങളും ഹാളും/ഓഡിറ്റോറിയം ഒഴികെയുള്ളവ എല്ലാം ബഹുനില കെട്ടിടങ്ങളാണ്. സൈറ്റിലെ ആകെ കെട്ടിടങ്ങളും നിലകളും ചുവടെ ചേർക്കുന്നു. 1) താഴത്തെ നില മാത്രമുള്ള ഓട് മേഞ്ഞ 3 കെട്ടിടങ്ങൾ. 2) 5 നിലകളുള്ള സ്കൂൾ കെട്ടിടം. 3) 3 നിലകളുള്ള സ്കൂൾ കെട്ടിടം. 4) 5 നില SVPK കോളേജ് കെട്ടിടം. 5) 4 നില കോളേജ് കെട്ടിടം 6) 3 നില ടീച്ചർ കോളേജ് കെട്ടടം 7) 3 നില ഇംഗ്ലിഷ് സ്കൂൾ കെട്ടിടം 8) 2 നില പണി പൂർത്തിയാവുന്ന
2	4/485	ശ്രീ. വിവേകാനന്ദ ഹയർ സെക്കന്ററി സ്കൂൾ	താഴത്തെ നില (600 ച മീ)	
3	4/486	ശ്രീ. വിവേകാനന്ദ ഹൈ സ്കൂൾ	താഴത്തെ നില (600 ച മീ)	
4	4/487	ടി.ടി.ഐ	താഴത്തെ നില (600ച മീ)	
5	4/488	ശ്രീ വിവേകാനന്ദ ബി.എഡ് കോളേജ്	താഴത്തെ നില (600ച മീ)	
6	4/489	ശ്രീ വിവേകാനന്ദ കോളേജ്	താഴത്തെ നില	

			(600ച മീ)	സ്കൂൾ കെട്ടിടം
7	4/490	ഹെൽത്ത് ഇൻസ്പെക്ടർ	താഴത്തെ നില (600ച മീ)	9) 2 നില പണി പൂർത്തിയാവുന്ന കോളേജ് കെട്ടിടം
8	4/491	S.V.ഇന്ദിര ഓപ്പൺ യൂണിവേഴ്സിറ്റി	താഴത്തെ നില (600ച മീ)	10) ഒരു നില ഹാൾ/ഓഡിറ്റോറിയം കെട്ടിടം, ടോയല്റ്റ് ഉൾപ്പടെ മറ്റ് ചെറിയ നിർമ്മാണങ്ങൾ കുറിപ്പ്: സമയ പരിമിതി മൂലം കെട്ടിടങ്ങൾ അളന്ന് തിട്ടപ്പെടുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല
9	4/492	S.V.എം.എഡ് സെന്റർ	താഴത്തെ നില (600ച മീ)	

എയിഡഡ്, അൺഎയിഡഡ് വിദ്യഭ്യാസ സ്ഥാപനങ്ങളിൽ കെട്ടിട നികുതി ബാധകമായതും അല്ലാത്തതുമായി ഒന്നിലധികം നിലകളിലായി ഗ്രാമപഞ്ചായത്ത് രേഖകളിൽ ഉൾപ്പെടാത്ത അനധികൃത നിർമ്മാണങ്ങൾ/കെട്ടിടങ്ങൾ ഉണ്ട്, ആയതിൽ ഉൾപ്പടെയാണ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. 2011 കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും ഇക്കാര്യം

വ്യക്തമാക്കിയതാണ്. എന്നാൽ നാളിതുവരെ ഗ്രാമപഞ്ചായത്ത് ഫിറ്റ്നസ് അനുവദിക്കുന്നതിന്റെ ഭാഗമായുള്ള പരിശോധനയിലോ ചട്ടപ്രകാരമോ, സർക്കാർ ഉത്തരവുകൾ പ്രകാരമോ ഉള്ള പരിശോധനയിലൂടെയോ മേൽ സ്ഥാപനത്തിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയിട്ടില്ല എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഗ്രാമപഞ്ചായത്തിന്റെയും വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 30/24.12.2025ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം, ടി സ്ഥാപനത്തിലെ നിർമ്മാണങ്ങൾ സാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടെ പരിശോധിച്ച് ക്രമപ്പെടുത്തുന്നതിനും എയിഡഡ് സ്കൂൾ കെട്ടിടങ്ങളുടെ വിവരം സ.ഉ(സാധാ) നം. 2002/2024/ത.സ്വ.ഭ.വ തിയതി.21.10.2024 -ൽ നിർദ്ദേശിച്ച പ്രകാരം കാലപ്പഴക്കം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്നതിന് മാനേജ്മെന്റിന് നിർദ്ദേശം നൽകുന്നതാണെന്നും വ്യക്തമാക്കി.

ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ, എയ്ഡഡ് സ്കൂൾ കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ച് കൊണ്ട് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാകാത്ത പഴക്കം ചെന്ന കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയും, മറ്റുള്ളവയിലെയും അൺ എയ്ഡഡ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിലെയും അനധികൃത നിർമ്മാണങ്ങൾ വിശദമായി പരിശോധിച്ച് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നിശ്ചിത ഫീസ് ഈടാക്കി ക്രമവൽക്കരിച്ചും നികുതി നിർണ്ണയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയും രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

1-23 ഗ്രാമ പഞ്ചായത്ത് വാഹനങ്ങളുടെ പരിപാലനം - VEELS ൽ വിവരങ്ങൾ ചേർക്കുന്നില്ല, മറ്റ് അപാകതകൾ

ഗ്രാമപഞ്ചായത്തിന് സ്വന്തമായി 4 വാഹനങ്ങളാണ് ഉള്ളത്. 2024-25ൽ ഉണ്ടായിരുന്ന ബോലേറോ

വാഹനം കാലപ്പഴക്കം കാരണം ലേലം ചെയ്ത് ഒഴിവാക്കി പുതിയ ബോലേറോ 2025-26 വർഷത്തിൽ വാങ്ങിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വാഹന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മഹീന്ദ്ര ബൊലേറോ ജീപ്പ് - KL71 N 2294 ഗ്രാമപഞ്ചായത്ത് ഓഫീസ് ആവശ്യത്തിന്

2) മാരുതി ഓംനി വാൻ KL 71 B 6589 – ബഡ്സ് സ്കൂൾ ആവശ്യത്തിന് ലഭ്യമായത്

3) മാരുതി എക്കോ ആംബുലൻസ് KL 71K 6766 – പരിരക്ഷ/പാലിയേറ്റീവ് ആവശ്യത്തിന് സംഭാവനയായി ലഭ്യമായത്

4) ഇലക്ട്രിക് ഗ്രഡ്സ് ഓട്ടോ KL 71 L 6829 – ഹരിതകർമ്മസേന ആവശ്യത്തിന് വാങ്ങിയത്.

ഗ്രാമപഞ്ചായത്ത് വാഹനങ്ങളുടെ ഉപയോഗം/പരിപാലനം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) ധനകാര്യ (ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ “Vehicle Management And Location Tracking System (VEELS)” എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മേൽ 4 വാഹനങ്ങളുടെ വിവരങ്ങളും, ഡ്രൈവർ തുടങ്ങിയവരുടെ വിവരങ്ങളും നാളിതുവരെ വീൽസിൽ ചേർത്തിട്ടില്ല. ഇത് സംബന്ധിച്ച ഫയലോ മറ്റ് രേഖകളോ പരിശോധനക്ക് ഹാജരാക്കിയിട്ടുമില്ല.

2) ക്രമ നം. 4 വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) ലഭ്യമാക്കിയ ലോഗ് ബുക്കുകളിൽ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തിയത് പൂർണ്ണമല്ല, രേഖപ്പടുത്തലുകൾ കസ്റ്റോഡിയൻ/കൺട്രോളിംഗ് ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതായും ഇല്ല.

4) GO (Rt) No. 582/75/PW Dated 05/05/1975 പ്രകാരം വർഷത്തിൽ ഒരിക്കൽ, പ്രധാന എഞ്ചിൻ റിപ്പയർ നടത്തിയാൽ, മൈലേജിൽ കാര്യമായ വ്യതിയാനം കണ്ടെത്തിയാൽ എന്നിങ്ങനെ വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തേണ്ടതാണ്. എന്നാൽ മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5) GO (Rt) No. 166/2017/ത.സ്വ.ഭ.വ തിയതി. 20/01/2017 ഖണ്ഡിക 3.9 പ്രകാരം വാഹനത്തിന്റെ വൃത്തിയായ പരിപാലനം, ഉത്തരവാദിത്തം സംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്. ക്രമ നം. 3 വാഹനം തകരാർ കാരണം ഉപയോഗപ്പെടുത്താതെ ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ പൊടി പിടിച്ച് നിർത്തിയിട്ടിരിക്കുന്നതായാണ് കാണുന്നത്.

6) പരിരക്ഷ പദ്ധതിക്കായി ലഭ്യമായ ക്രമനം. 4 വാഹനം ലോഗ് ബുക്ക് പ്രകാരം, 03.01.2024 മുതൽ 29.07.2025 വരെ പരിരക്ഷക്ക് വേണ്ടി ഓടിയിട്ടുണ്ട്. ശേഷം ടി ആവശ്യത്തിന് മറ്റൊരു വാഹനം വാടകക്കെടുത്ത് ഇത് ഉപയോഗിക്കാതെ വല്ലപ്പോഴും ഉള്ള ആംബുലൻസ് സേവനത്തിനായി ഉപയോഗിക്കുകയാണ്. പരിരക്ഷക്കായി സ്വന്തമായി വാഹനം ഉണ്ടായിരിക്കെ മറ്റൊരു വാഹനം

വാടകക്കെടുക്കേണ്ടി വന്നതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതും വാഹനം ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്. ആംബുലൻസ് സേവനത്തിനായുള്ള ഓട്ടത്തിന്റെ വരവ് ചെലവ് വിവരങ്ങളോ ഇത് സംബന്ധിച്ച ഭരണസമിതി തീരുമാനമോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സെപ്തംബർ 2025ന് ടി വാഹനത്തിന്റെ ടാക്സ് കാലാവധി അവസാനിച്ചിട്ടും നാളിതുവരെ അടവാക്കിയിട്ടില്ലാത്തതിനാൽ നിലവിൽ വാഹനം ഉപയോഗിക്കാനുമാവില്ല.

7) സ.ഉ(പി) നം. 161/2006/ഫിൻ തിയതി. 31.03.2006 പ്രകാരമുള്ള വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ/മെയിന്റനൻസ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/22.12.25ന് ലഭ്യമാക്കിയ മറുപടി പ്രകാരം, വാഹനങ്ങളുടെ വിവരങ്ങൾ VEELS ൽ രേഖപ്പെടുത്തുന്നതാണെന്നും ലോഗ്ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം പൂർണ്ണമാക്കുന്നതാണെന്നുമാണ് അറിയിച്ചത്. മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എല്ലാ അപാകതകളും പരിഹരിച്ച് രേഖകൾ/രജിസ്റ്ററുകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-24 ഇലക്ട്രിക് ഗുഡ്സ് ഓട്ടോ വാങ്ങിയ ഉടനെ ഉപയോഗ ശൂന്യമായി- തുടർനടപടികൾ സ്വീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിന്റെ ഹരിതകർമ്മ സേനക്ക് വേസ്റ്റുകൾ ശേഖരിച്ച് MCFലേക്ക് എത്തിക്കുന്നതിനായി 2023-24 ൽ ജെം മുഖേനെ ഫ്ലോറ്റ് ടെക്നോളജീസ് തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. FT-M070/2023-24/03.01.2024 പ്രകാരം, തനത് ഫണ്ടിൽ നിന്നും 525000 രൂപ നൽകി വാങ്ങി 24500 രൂപ ചെലവഴിച്ച് ബോഡി ഗ്രിൽ വർക്കും ചെയ്ത KL 71 L 6829 നമ്പർ ഇലക്ട്രിക് വാഹനം

നിലവിൽ ഉപയോഗിക്കാനാവാതെ ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ നിർത്തിയിട്ടിരിക്കുകയാണ്.

17.07.2024ന് ആണ് വാഹനം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറിയത്(കൈപ്പറ്റ് നം. S1-124/24/17.07.24). ജെം കോൺട്രാക്ടിൽ സ്ഥാപനം വാഹനത്തിന്റെ വാറണ്ടി വിവരങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നില്ല. കരാർ ചമച്ചത് പ്രകാരം ഒരു വർഷ ബാറ്ററി റിപ്ലേസ്മെന്റ് വാറണ്ടിയും ഒരു വർഷ ഓൺസൈറ്റ് റിപ്പയർ വാറണ്ടിയും തുടർന്ന് പെയ്ഡ് സർവ്വീസും ആണ് വാഹനത്തിന് ഉള്ളത്.

അഞ്ചര ലക്ഷത്തോളം രൂപ ചെലവഴിച്ച് വാങ്ങിയ വാഹനം നാളിതുവരെ ഉപയോഗപ്രദമായിട്ടില്ല. ചെലവ് വൗച്ചറുകൾ പ്രകാരം 2024 സെപ്തംബർ മാസത്തിൽ 4,5 തിയതികളിൽ മാത്രം രണ്ട് ദിവസം വാഹനം ഓടിച്ച ഡ്രൈവർക്ക് വേതനം അനുവദിച്ചതായി കാണുന്നുണ്ട്. വാഹനത്തിന്റെ ലോഗ് ബുക്ക്/റിപ്പയർ രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ വാഹന വിവരങ്ങൾ VEELSൽ ചേർക്കുകയോ ചെയ്തിട്ടില്ല.

വാഹനം 17.07.2024ന് കൈപ്പറ്റിയെങ്കിലും 25.07.2024ന് വാഹനം സ്റ്റാർട്ട് ചെയ്യാൻ കഴിയുന്നില്ല, എന്നറിയിച്ച് വിതരണം ചെയ്ത സ്ഥാപനത്തിന് കത്ത്(S1-124/2023) നൽകിയിട്ടുണ്ട്. ശേഷം 25.09.2024നും വാഹനം ചാർജ്ജ് ചെയ്യാൻ കഴിയാത്തതിനാൽ ഉപയോഗിക്കാനാവുന്നില്ല എന്നും വിതരണം ചെയ്ത സ്ഥാപനത്തിന്റെ ടെക്നീഷ്യൻ പരിശോധിച്ചിട്ടും തകരാർ പരിഹരിക്കപ്പെട്ടിട്ടില്ല എന്നും അറിയിച്ച് കത്ത് നൽകിയിട്ടുണ്ട്((S1-124/2024).

നിലവിൽ വാഹനം നാളിതുവരെ ഉപയോഗിക്കാതെ പൊടിപിടിച്ചിരിക്കുകയാണ്. വാഹനം വാങ്ങിയ/നിരത്തിലിറക്കിയ ഉടനെ, വാറണ്ടി കാലയളവിൽ തന്നെ നിരന്തരം തകരാർ സംഭവിക്കുകയും ഇക്കാര്യം രേഖാമൂലം സ്ഥാപനത്തെ അറിയിച്ചിട്ടും മതിയായ ഉത്തരവാദിത്തത്തോടെ തകരാർ

പരിഹരിക്കുന്നതിനുള്ള സമീപനം സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാവാതിരുന്നിട്ടും ഉചിതമായ, ചട്ടപ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കാത്തത് കാരണം 5,49,500 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച് വാങ്ങിയ വാഹനം യാതൊരു ഉപയോഗവും നടക്കാതെ നശിച്ച് കൊണ്ടിരിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ വീഴ്ചയാണ്.
സ്ഥാപനത്തിന്റെ വീഴ്ച സർക്കാരിലും മറ്റും റിപ്പോർട്ട് ചെയ്യുകയും ബ്ലാക്ക് ലിസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നും അപാകത സൂചിപ്പിച്ചും നൽകിയ ഓഡിറ്റ് എൻക്വയറി നം.14/22.12.25ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-25 മുൻകൂർ തുക നൽകി - KMSCLൽ നിന്ന് മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (FHC) നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളിൽ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂർ നൽകിയ തുകക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ / പേര്	മുൻകൂർ നൽകിയ തുക(പ്രഫോർമ ഇൻവോയ്സ് നമ്പർ)	ബിൽ റഫറൻസ് നമ്പർ, തീയ്യതി	ലഭ്യമായ മരുന്ന് (തുക)	ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക
153/25, പി.എച്ച്.സി യിലേക്ക് മരുന്ന്	11,19,707 PRF604/15.07.2024	241519520350005566 87/ 19.08.24	913795	205912

വാങ്ങൽ ചെലവ് തുക : 1399509 ഫണ്ട് : മെയിന്റനൻസ്	1,51,940 PRF4466/18.03.2025	241519520350015960 82/19.03.25	0	151940
ഫണ്ട് - റോഡിതരം	79,965 PRF4782/25.03.2025	241519520350017126 58/26.03.25	0	79965
152/25, പരിരക്ഷ ഹോംകെയർ പദ്ധതി മരുന്ന് വാങ്ങുന്നതിന് ചെലവഴിച്ച തുക : 300000 ഫണ്ട് : വികസനഫണ്ട് ജനറൽ	3,00,000 PRF605/15.07.2024	241519520350010259 32/17.12.24	202057	97943

ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/24-25/22.12.2025 ന് മറുപടി

ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-26 മുഴുവൻ പദ്ധതി ചെലവുകളും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

താഴെപ്പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ, 2024-25സാമ്പത്തിക വർഷത്തിൽ ചെലവ് വന്ന താഴെ പറയുന്ന പദ്ധതികളുടെ വിശദാംശങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതി നം., പേര്	നിർവ്വഹണ ഉദ്യോഗസ്ഥൻ	2024-25ൽ ചെലവഴിച്ച തുക	ബിൽ/വൗച്ചർ നം.
1	222/25, ഇല്ലിക്കൽ അംഗൻവാടി പുനരുദ്ധാരണം	അസി.എഞ്ചിനീയർ	73,999 (MGNR)	241519520352004231 10/06.08.2024
2	223/25, വിവിധ അംഗൻവാടികളുടെ നവീകരണം	അസി.എഞ്ചിനീയർ	4,29,081 (MGNR)	241519520352001786 29/17.05.2024
3	199/25, കൃഷി ഓഫീസ് നവീകരണം	അസി.എഞ്ചിനീയർ	2,05,768 (MGNR)	241519520352006985 00/24.09.2024

4	160/25, ഗുരുതര രോഗങ്ങൾക്ക് ആവശ്യമായ മരുന്ന് വാങ്ങൽ	മെഡിക്കൽ ഓഫീസർ (FHC)	25,060	241519520352001146188/08.01.2025

പദ്ധതികളുടെ മുഴുവൻ ചെലവും സൂലേഖയിൽ ഉൾപ്പെടുത്താത്തതിനാൽ മേൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ് ശരിയായി വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. മേൽ പദ്ധതികൾ റിവൈസ് ചെയ്തതിനുശേഷം വെറ്റിംഗ് നടത്താത്തതിനാലാണ് ഇപ്രകാരം ചെലവ് സൂലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്തതിരുന്നതെന്നും തുടർന്നുള്ള വർഷങ്ങളിൽ മുഴുവൻ പ്രോജക്ടുകളും കൃത്യമായി വെറ്റിംഗ് നടപടികൾ പൂർത്തിയാക്കുന്നതാണെന്നുമാണ് ഓഡിറ്റ് എൻക്വയറി നം.24/24-25/22.12.25 ന് മറുപടി ലഭ്യമാക്കിയത്. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

1-27 ജനറൽ കമ്മിറ്റി മിനിട്സ് - യോഗനടപടിക്രമങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നില്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗ നടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ

അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24 മണിക്കൂറിനകം പ്രസിഡന്റ് സെക്രട്ടറിയ്ക്ക് തിരിച്ച് നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ എടക്കര ഗ്രാമപഞ്ചായത്തിന്റെ സകർമ്മ സോഫ്റ്റ്വെയറില മിനുട്സ് പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച പല യോഗമിനിട്ട്സുകളും സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നൽകുന്നില്ല എന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് കമ്മിറ്റി കൂടിയ തിയതി	മിനിട്സ് സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി	മിനിട്സ് പ്രസിഡന്റ് അംഗീകരിച്ച തീയതി
10.06.2024	19.07.2024	19.07.2024
13.08.2024	07.11.2024	07.11.2024
30.08.2024	07.11.2024	07.11.2024
14.10.2024	03.04.2025	03.04.2025
17.12.2024	28.03.2025	28.03.2025
06.02.2025	07.03.2025	07.03.2025
14.02.2025	19.04.2025	19.04.2025
25.02.2025	16.04.2025	16.04.2025
14.03.2025	25.06.2025	25.06.2025
29.03.2025	27.06.2025	27.06.2025

കെ.സ്മാർട്ട് വഴിയാണ് നിലവിൽ ഭരണസമിതി യോഗം ചേരുന്നതെന്നും യോഗങ്ങൾ ഇനി സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.26/24-25/23.12.2025) മറുപടി ലഭ്യമാക്കി. അപാകത പരിഹരിക്കേണ്ടതും യോഗനടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുമാണ്.

1-28 ഹോമിയോ മരുന്ന് ലഭ്യമായില്ല

നിർവ്വഹണം : സെക്രട്ടറി

പദ്ധതി : 8/24-25 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 300000/-മെയിന്റനൻസ് ഫണ്ട് NR

ചെലവ് : 300000/-

കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ പ്രഫോമ ഇൻവോയ്സ് നം. PRF1217/29.01.25 ന്റെ അടിസ്ഥാനത്തിൽ ബിൽ നം. 241519520088014600 40/07.03.25 പ്രകാരം 300000/- രൂപ ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകക്കുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായി സ്റ്റോക്കിൽ എടുത്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 21/22.12.2025ന് ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതാണെന്നറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

1-29 കുഴൽ കിണർ നിർമ്മാണം - ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ

വിവരം ലഭ്യമാക്കിയില്ല, അപാകതകൾ

പദ്ധതി - 176/25 വിവിധ പൊതു സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം കുടിവെള്ള സൗകര്യം ഒരുക്കൽ.

അടങ്കൽ - 1260800/- CFC

ചെലവ് - 1020269/- CFC, വൗച്ചർ നം. XVFC/2024-25/P/3/13.06.2024 Rs. 577893, XVFC/2024-25/P/28/24.08.2024 Rs. 442376.

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തിയായി ചുവടെ ചേർത്ത 10 സ്ഥലങ്ങളിൽ കുടിവെള്ള ആവശ്യത്തിനായി കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനായി 37825 രൂപ ചെലവഴിച്ച് ഭൂജല വകുപ്പ് ഫിസിബിലിറ്റി സ്റ്റഡി നടത്തി അനയോജ്യമായ സ്ഥലങ്ങളാണെന്ന് കണ്ടെത്തിയ ശേഷം പദ്ധതി പ്രകാരമുള്ള 1020269 രൂപ ഭൂജല വകുപ്പിന് നൽകിയിട്ടുണ്ട്. ഇതിൽ 5 ഇടങ്ങളിലെ കുഴൽ കിണറുകളിൽ മാത്രം വെള്ളം ലഭ്യമായതായി ഗ്രാമപഞ്ചായത്ത് വാക്കാൽ അറിയിച്ചത് പ്രകാരം 23.12.2025ന് ടി സ്ഥലങ്ങളിൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് സ്ഥല പരിശോധന നടത്തിയതിലെ കണ്ടെത്തലുകൾ ഉൾപ്പടെയുള്ള വിവരങ്ങൾ പട്ടികയിൽ ചേർക്കുന്നു.

ക്രമ നം	കുഴൽ കിണർ - സ്ഥലം	പരിശോധനയിലെ കണ്ടെത്തൽ
1	പാതിരിപ്പാടം ST കോളനി	വെള്ളം, മോട്ടോർ, ടാങ്ക് എന്നിവ ഉണ്ട്, പ്രവർത്തിച്ച് വരുന്നു.
2	കാരക്കോട്	വെള്ളം കണ്ടതായി അറിയിച്ചു, മോട്ടോർ, ടാങ്ക്, പൈപ്പ്

	മുക്കം ST കോളനി	
3	തമ്പുരാൻകുന്ന് കോളനി	ലൈൻ എന്നിവ സ്ഥാപിച്ച് ഉപയോഗപ്രദമാക്കാതെ അടപ്പിട്ട് മൂടി വെച്ചിരിക്കുകയാണ്.
4	തെയ്യത്തും പാടം ST കോളനി	
5	പാലേമാട് 4 സെന്റ് കോളനി	വെള്ളം കണ്ടതായും പണി പൂർത്തീകരിച്ചിട്ടില്ല എന്നും അറിയിച്ചു, തൊട്ടടുത്ത് കുടിവെള്ള പദ്ധതി ടാങ്ക് ഉണ്ട്. ഇറക്കിയ പൈപ്പ് സെറ്റ് ആക്കാതെ പഴയ ബക്കറ്റ് കൊണ്ട് മൂടി വെച്ചിരിക്കുകയാണ്. പണി പൂർത്തീകരിച്ച് മോട്ടോർ, പൈപ്പ് ലൈൻ എന്നിവ സ്ഥാപിച്ച് ഉപയോഗപ്രദമാക്കിയിട്ടില്ല.
6	ഇല്ലിക്കാട് ST കോളനി	പൂർത്തീകരണ വിവരം ഇല്ല. സ്ഥല പരിശോധന നടത്തിയിട്ടില്ല
7	34 സെന്റ് കോളനി	
8	കുഞ്ഞക്കൻ കോളനി	
9	വെള്ളാരംകുന്ന്	

	ST കേളനി
10	മൂപ്പിനി ST കോളനി

ഇത് സംബന്ധിച്ച ഫയലുകൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ)നം.84/2022/ തസ്വഭവ തീ.19.04.2022 ഖണ്ഡിക 12.2 (5(ഡി) (Iv) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിന് സ്വീകരിച്ച നടപടി വിവരങ്ങൾ ലഭ്യമല്ല.

2) 10 എണ്ണത്തിൽ ഏതൊക്കെയാണ് പണി പൂർത്തീകരിച്ച് വെള്ളം കണ്ടത് എന്നതും നിർമ്മാണം നടത്താത്തവ എന്ത് കാരണത്താലാണ് നടത്താത്തത് എന്നതും സംബന്ധിച്ച് GWD-യിൽ നിന്നും രേഖാമൂലമുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

3) പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം/വിനിയോഗ സാക്ഷ്യപത്രം ഭൂജല വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

4) കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ച ശേഷം മോട്ടോർ, ടാങ്ക് എന്നിവ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാതെ തുടരുന്ന ക്രമ നം. 2 മുതൽ 5 വരെയുള്ളവ പദ്ധതി ലക്ഷ്യം കൈവരിക്കുന്ന രീതിയിൽ ആക്കുന്നതിന് സ്വീകരിച്ച നടപടി വിവരം ലഭ്യമല്ല. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

5) ക്രമനം. 6 മുതൽ 10 വരെയുള്ള കുഴൽ കിണറുകൾ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കി വിവരം ലഭ്യമാക്കുകയോ നിർമ്മാണം സാധ്യമാകാത്തവയുടെ തുക തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/22.12.2025, 30/24.12.2025 എന്നിവക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം, ഭൂമി സംബന്ധിച്ച വിവിധ കാരണങ്ങളാൽ 5 ഇടങ്ങളിൽ വലിയ മെഷിനറി ഉപയോഗിച്ച് പ്രവൃത്തി നടപ്പാക്കേണ്ടതിനാലാണ് നടപ്പിലാക്കുന്നത് വൈകുന്നത് എന്ന് GWD അറിയിച്ചതായും പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്നും അറിയിച്ചു. തുടർനടപടികൾ സ്വീകരിച്ച് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 1020269 രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു.

1-30 ഗ്രാമപഞ്ചായത്തിലെ കംപ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-വാറണ്ടി, സ്റ്റോക്ക് അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്തിലേക്ക് വിവിധ കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

ക്രമ നം.	പദ്ധതി, വാങ്ങൽ രീതി വിവരം	ചെലവ് ബിൽ വിവരം	ലഭ്യമാക്കിയ ഉപകരണങ്ങൾ, ഇൻവോയ്സ്.
1	45/2024-25 ഗ്രാമപഞ്ചായത്ത് ഓഫിസിലേക്ക് ലാപ്ടോപ്പ്, പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ.	(A)241519520088012566 50/31.01.25 Rs. 83600/-	Epson Printer M2170- 4 എണ്ണം 3 വർഷ വാറണ്ടി. RJE03027/24-25/16.1.25, RJ Enterprises

	ജെം വാങ്ങൽ-GEMC 511687788574532/7.1.25	(B)241519520088014752 41/10.03.25 Rs. 184004/-	HP Laptop I3 16GB 512SSD – 4 എണ്ണം (CND4342PNZ, CND4381QLP, CND4342NTX, CND4381Q0N) 3 വർഷ വാറണ്ടി VCB/24-25/1476/7-1-25 Viswas Computers
2	277/2024-25 ഗ്രാമപഞ്ചായത്ത് ഓഫിസിലേക്ക് UPS ബാറ്ററി വാങ്ങൽ. ജെം വാങ്ങൽ-GEMC-511687795454696/28.1.25	വൗച്ചർ നം. 22401409/29.03.2025 Rs. 103000.	Hykon Tubular Battery 150AH, 12V - 10 എണ്ണം. 3 Yr Warranty. OLGB24256769/31.01.2025 Hykon India, Rs. 128000 (പഴയ 10 എണ്ണം ബാറ്ററി തിരികെ എടുത്തതിന് വിലയിൽ 25000 കുറവ് ചെയ്തു)
3	09/2024-25 ഗ്രാമപഞ്ചായത്ത് ഓഫിസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ.	2415195200880189 66/11.12.24 Rs. 83758/-	(1) HP Lasejet MFP M438nda – 5 വർഷം Warranty.-ഒരെണ്ണം

	ജെം വാങ്ങൽ- GEMC-511687746420192/20.9.24		WSK377/24.09.24 Wellcare Solutions കണ്ണൂർ Rs. 74259. (CNB1S1VLWM). (2) Trolley& Stabilizer, CST05623/11.12.24 Rs. 9500 കാൻഡിഡ് സിസ്റ്റംസ് (പഴയ പ്രിന്റർ ഈ സ്ഥാപനം വാങ്ങിയതിന് 5000 രൂപ നൽകിയത് കിഴിച്ചുള്ള തുക)
4	261/2024-25 NREGS ഓഫിസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ. ജെം വാങ്ങൽ-GEMC 511687738387976/23.1.25	241519520088014752 35/10.03.25 Rs. 48000/-	Acer Desktop Computer I3 16GB 512SSD – 1 എണ്ണം 5 വർഷ വാറണ്ടി. RJE03267/24-25/25.01.25 RJ Enterprises

ഇത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ, ലഭ്യമായ ഉപകരണങ്ങൾ സർക്കാർ നിർദ്ദേശ പ്രകാരം സ്റ്റോക്കിലെടുത്തിട്ടില്ല എന്നും വാറണ്ടി ഉറപ്പാക്കിയിട്ടില്ല എന്നും കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പട്ടികയിലെ ക്രമ നം. 1(b) ലഭ്യമായ 4 ലാപ്ടോപ്പുകളുടെ വാറണ്ടി ഉൾപ്പടെയുള്ള വിവരങ്ങൾ സീരിയൽ

നമ്പറുകൾ പ്രകാരം HP കമ്പനിയുടെ സൈറ്റിൽ നേരിട്ട് പരിശോധിച്ചതിൽ, ലാപ്ടോപ്പുകൾക്ക് ജെം കോൺട്രാക്ട് പ്രകാരം ഉണ്ടായിരിക്കേണ്ട 3 വർഷ വാറണ്ടി ഇല്ല എന്നും 22.12.2025 വരെ ഒരു വർഷ വാറണ്ടി മാത്രമാണ് ഉള്ളത് എന്നും കണ്ടു. വാറണ്ടി ഉറപ്പാക്കാതെയാണ് ഉപകരണം കൈപ്പറ്റിയിരിക്കുന്നത്.

മാത്രമല്ല, സീരിയൽ നം. CND4342PNZ ലാപ്ടോപ്പ് നിലവിൽ ഗ്രാമപഞ്ചായത്തിൽ ഇല്ല, ആയതിന് തകരാർ കാരണം മാറ്റി മറ്റൊന്ന് CND4381QFH ലഭ്യമാക്കിയിതാണെന്ന് അറിയിച്ചു. എന്നാൽ ഇതിന്റെ വാറണ്ടി 28.11.2025ന് അവസാനിച്ചതായും ഇത് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതായും കാണുന്നു.

2) ഗവ. സർക്കുലർ നം. 86/2010/ഫിൻ തി. 24.09.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ,സോഫറ്റ് വെയർ അനുബന്ധ ഉപകരണങ്ങൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഇത്തരം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും മേൽ പുതിയ പ്രിന്ററുകളും കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാറണ്ടി ഉൾപ്പടെ പൂർണ്ണ വിവരങ്ങൾ ചേർത്ത് സ്റ്റോക്കിൽ എടുക്കുകയോ സ്റ്റോക്ക് എൻട്രി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3) ഇൻവോയ്സ്/ജെം കോൺട്രാക്ട് പ്രകാരമുള്ള സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണങ്ങൾ തന്നെയാണ് വിതരണം ചെയ്തത് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥനോ ടെക്നിക്കൽ അസിസ്റ്റന്റോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) ക്രമ നം 2,3 പ്രകാരമുള്ള വാങ്ങലുകളുടെ ഭാഗമായി പഴയ/കേടായ ഉപകരണങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഇവ കാരണം രേഖപ്പെടുത്തി കൺട്രോളിംഗ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോട് കൂടി സ്റ്റോക്കിൽ നിന്ന് ഒഴിവാക്കിയതായോ ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റിയതായോ ഉള്ള വിവരം ഇല്ല.

5) ലഭ്യമാക്കിയ രജിസ്റ്ററിൽ നിലവിൽ ഉപയോഗിക്കുന്നതും കേടായതും നിലവിലില്ലാത്തതുമായ

ഉപകരണങ്ങൾ ഉണ്ട് എന്ന് കാണുന്നു. സ്റ്റോക്കുകളുടെ വാർഷിക കണക്കെടുപ്പ് നടത്തിയതിന്റെ സാക്ഷ്യപത്രം രേഖപ്പെടുത്തുകയോ സ്റ്റോക്കിൽ ശരിയായ ഉപകരണങ്ങളാണ്/വിവരങ്ങളാണ് സ്റ്റോക്കിൽ ഉള്ളത് എന്ന് ഉറപ്പാക്കുകയോ ചെയ്തിട്ടില്ല.

ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ, ബിൽ, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് നിശ്ചിത രീതിയിൽ സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും വാറണ്ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും സ്റ്റോക്ക് എൻട്രി കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാക്കുമ്പോൾ മേൽ കാര്യങ്ങൾ ഉറപ്പ് വരുത്തി സ്റ്റോക്കിലെടുത്ത ശേഷമേ ആയവയുടെ തുക അനുവദിക്കാവൂ എന്നതുൾപ്പടെയുള്ള കാര്യങ്ങൾ KFC Rule 140 മുതൽ 154 വരെ വ്യക്തമാക്കിയിട്ടുള്ളതാണ്. കേടാവുന്ന ഉപകരണങ്ങൾ കാരണം രേഖപ്പെടുത്തി കൺട്രോളിംഗ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോട് കൂടി ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റേണ്ടതും ഇവ സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കയ്യൊഴിയേണ്ടതുമാണ്. അല്ലാത്ത പക്ഷം ഉപകരണങ്ങൾ നഷ്ടപ്പെടുന്നതിനും കേടായാൽ വാറണ്ടി ഉറപ്പ് വരുത്താനാവാതെ റിപ്പയർ ചെയ്ത് അധിക ചെലവിന് കാരണമാകുന്നതുമാണ്. ഇക്കാര്യങ്ങൾ പാലിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/22.12.25ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, ക്രമ നം. 1 ൽ പരാമർശിച്ച ലാപ്ടോപ്പുകളുടെ വാറണ്ട് 3 വർഷത്തേക്കാക്കി പുതുക്കിയും ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്തും രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

1-31 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി- അപാകതകൾ

പ്രോജക്ട് നം. 39/25 സ്ടീറ്റ് സ്ഥാപിക്കൽ.

വിനിയോഗിച്ച തുക – 1114710 രൂപ (CFC)

ബിൽ/വൗച്ചർ നം. XVFC/2024-25/P/29/08.11.2024 Rs. 76832 (KSEB സൂപ്പർവിഷൻ ചാർജ്)

XVFC/2024-25/P/30/08.11.2024 Rs. 17564 (KSEBസൂപ്പർവിഷൻ ചാർജ്)

XVFC/2024-25/P/37/07.03.2025 Rs. 338890 (332112+18% GST) (SILK)

XVFC/2024-25/P/35/28.11.2024 Rs. 681424 (667796+18%) (SILK)

നിർവ്വഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തിയാണ് പദ്ധതി പ്രകാരം നടത്തിയിട്ടുള്ളത്. ഇ- ടെണ്ടർ മുഖേന കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള എന്ന സ്ഥാപനത്തിന്റെ ഒരെണ്ണത്തിന് 1822 രൂപ രേഖപ്പെടുത്തിയ ടെണ്ടർ ഭരണസമിതി തീരുമാനം നം. 19.07.2024ലെ 1(1) പ്രകാരം അംഗീകരിച്ച്, ടി സ്ഥാപനം 2 വർഷ വാറണ്ടിയോടെ ചുവടെ പട്ടികയിൽ ചേർത്ത പ്രകാരം 24W LED തെരുവ് വിളക്കുകൾ സ്ഥാപിച്ചതിനാണ് തുക അനുവദിച്ചിരിക്കുന്നത്.

ക്രമ നം	ലൈറ്റ് ഇനം	എണ്ണം	ആകെ വില
1	FUO/2024-25/UR/494/21-10-24	187	340712
2	FUO/2024-25/UR/495/21-10-24	187	340712
3	FUO/2024-25/UR/493/21-10-24	186	338890
		560	1020314

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിൽ ആണ് പദ്ധതി നടപ്പിലാക്കിയത്. ഇത് സംബന്ധിച്ച KSEBയുടെ 16.11.2024 ലെ സാക്ഷ്യപത്രം പ്രകാരം 300 എണ്ണം മാന്വൽ ലൈറ്റുകളും 260 എണ്ണം ഓട്ടോമാറ്റിക് ലൈറ്റുകളുമാണ് സ്ഥാപിച്ചത്. എന്നാൽ സ്ഥാപനത്തിന്റെ ഇൻവോയ്സുകൾ, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പ്രകാരം ഏത് തരം ലൈറ്റ് എത്ര എണ്ണം എന്നത് (മാന്വൽ/ഓട്ടോമാറ്റിക്) വ്യക്തമല്ല. എല്ലാ ഇൻവോയ്സുകളിലും 24 W. LED Street Lights എന്നാണ് രേഖപ്പെടുത്തിയത്. വിതരണം ചെയ്ത സ്ഥാപനത്തിന്റെ ഇൻവോയ്സുകളിലും ഇക്കാര്യം വ്യക്തമല്ല.

2) തെരുവ് വിളക്കുകൾക്ക് 2 വർഷ വാറണ്ടിയുള്ളതിനാൽ, വാറണ്ടി പിരീഡിൽ തെരുവുവിളക്കുകൾക്ക് ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ സ്ഥാപനം പരിഹരിക്കുന്നതാണ്. ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ നിർദ്ദേശമുള്ളതാണ്. ആയത് പാലിച്ചിട്ടില്ല.

3) തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം ഒരു മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്. (പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം. /പ്രദേശം/വാർഡ് , വിവരം നൽക്കുന്ന ആളിന്റെ പേരും ഫോൺനമ്പർ , അറ്റകുറ്റപണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ് , നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ). ആയത് പാലിച്ചിട്ടില്ല.

4) ആകെ 560 എണ്ണം സ്ട്രീറ്റ് ലൈറ്റുകൾ പദ്ധതി പ്രകാരം സ്ഥാപിച്ചതായി കാണിച്ചിട്ടുണ്ടെങ്കിലും, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 556 എണ്ണം മാത്രമാണ് സ്ഥാപിച്ചതായി കാണുന്നത്.

5) സ്ഥാപിച്ച തെരുവ് വിളക്കുകൾ ഏതൊക്കെ ഇലക്ട്രിക് പോസ്റ്റ് നമ്പറുകളിലാണ്, മാന്വൽ എത്ര,

ഓട്ടോമാറ്റിക് എത്ര എന്ന കൃത്യമായ എണ്ണം ചേർത്ത് തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തിട്ടില്ല. തെരുവ് വിളക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/22.12.25ന് ലഭ്യമാക്കിയ മറുപടി പ്രകാരം, അപാകതകൾ പരിശോധിച്ച് പരിഹരിച്ചും രജിസ്റ്ററുകൾ തയ്യാറാക്കിയും അറിയിക്കുന്നതാണെന്ന് അറിയിച്ചു. തെരുവ് വിളക്കുകൾ ഓട്ടോമാറ്റിക്, മാന്വൽ തരം ഏതൊക്കെ ഇല്കട്രിക് പോസ്റ്റുകളിലാണ് സ്ഥാപിച്ചത് എന്ന വിവരങ്ങൾ ഉൾപ്പടെ ചേർത്ത് തെരുവ് വിളക്ക് സ്റ്റോക്കിൽ എടുത്ത് തുടർനടപടി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് അടവാക്കൽ- സംയുക്ത പരിശോധന വിവരം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി ചെലവ് നടത്തിയ ചുവടെ ചേർത്ത വൗച്ചറുകൾ പ്രകാരം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ തുക KSEB ക്ക് അനുവദിച്ചിട്ടുണ്ട്.

ക്രമ നം	വൗച്ചർ നം/തിയതി	തുക	മാസം
1	22400040/08.04.2024	28871	03/2024
2	22400111/09.05.2024	28871	04/2024
3	22400166/11.06.2024	28871	05/2024
4	22400297/11.07.2024	28871	06/2024
5	22400428/18.08.2024	28871	07/2024
6	22400589/18.09.2024	28871	08/2024
7	22400643/15.10.2024	28871	09/2024

8	22400784/16.11.2024	28871	10/2024
9	22400967/07.12.2024	28919	11/2024
10	22401094/17.01.2025	29497	12/2024
11	22401250/24.02.2025	29134	01/2025
12	22401380/19.03.2025	28986	02/2025
ആകെ		347504	

ഗവ. സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ തി. 15.09.2011 പ്രകാരം കെ എസ് ഇ ബി യുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശിച്ചത് പ്രകാരം പരിശോധന നടത്തി പ്രവർത്തിച്ച് വരുന്ന തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് മാത്രമാണ് അടവാക്കി വരുന്നത് എന്ന് ഉറപ്പാക്കിയിട്ടുണ്ടെങ്കിൽ സംയുക്ത പരിശോധ സംബന്ധിച്ച രേഖകളും തെരുവ് വിളക്ക് രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/22.12.25ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരം സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളുടെ മാത്രം വൈദ്യുതി ചാർജ്ജ് അടവാക്കുന്ന രീതിയിലാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-33 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് അടവാക്കൽ- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി ചെലവ് നടത്തിയ ചുവടെ ചേർത്ത വൗച്ചറുകൾ പ്രകാരം പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ തുക KWA ക്ക് അനുവദിച്ചിട്ടുണ്ട്.

ക്രമ നം	വൗച്ചർ നം/തിയതി	തുക	മാസം
1	22400051/15.04.2024	37611	03/2024
2	22400116/13.05.2024	37611	04/2024
3	22400208/26.06.2024	37611	05/2024
4	22400322/23.07.2024	37611	06/2024
5	22400438/22.08.2024	37611	07/2024
6	22400564/11.09.2024	37611	08/2024
7	22400656/16.10.2024	37611	09/2024
8	22400813/24.11.2024	37611	10/2024
9	22401023/31.12.2024	37611	11/2024
10	22401101/17.01.2025	37611	12/2024
11	22401285/01.03.2025	37611	01/2025
12	22401363/21.03.2025	37611	02/2025
ആകെ		451332	

ജി.ഒ(ആർ.ടി) 2242/2011/ത.സ്വ.ഭ.വ തി. 28.09.2011 പ്രകാരം KWA- യുമായി ചേർന്ന് ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി പ്രവർത്തിച്ച് വരുന്ന പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് മാത്രമാണ് അടവാക്കി വരുന്നത് എന്ന് ഉറപ്പാക്കിയിട്ടുണ്ടെങ്കിൽ സംയുക്ത പരിശോധ സംബന്ധിച്ച രേഖകളും, പൊതു വാട്ടർ ടാപ്പുകൾ എവിടെയൊക്കെയാണ് എന്നതും എണ്ണവും പ്രവർത്തിക്കുന്നവയുടെ വിവരവും കാണിക്കുന്ന രജിസ്റ്റർ/വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/22.12.25ന് ലഭ്യമാക്കിയ മറുപടിയിൽ, 2022ൽ നടത്തിയ സംയുക്ത പരിശോധനയിൽ

പ്രവർത്തിക്കുന്നതായി കണ്ടെത്തിയ പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജാണ് നിലവിൽ അടവാക്കുന്നത് എന്നും ഇതിൽ പ്രവർത്തിക്കാത്തവ ഉണ്ടോ എന്ന് കണ്ടെത്തുന്നതിന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

1-34 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല

സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 , ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ തലങ്ങളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, പ്രോജക്ടുകളുടെ അടങ്കൽ തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുക, പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, അനുയോജ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുക, വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനോടനുബന്ധിച്ച് ഒന്നോ രണ്ടോ യോഗങ്ങൾ ചേരുകയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതായ പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും മാത്രമാണ് യോഗങ്ങളിൽ നടന്നിട്ടുള്ളത് എന്ന് കാണുന്നു.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ

മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ ഖണ്ഡിക-14 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് മോണിറ്ററിംഗ് കമ്മിറ്റികൾ നിർവ്വഹണ ഘട്ടത്തിൽ നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേൻമയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിറ്ററിംഗ് കമ്മിറ്റിക്ക് അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണോദ്യോഗസ്ഥന് നൽകാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ ചുമതലകൾ/ കടമകൾ നിർവ്വഹിക്കാതിരിക്കുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.19/22.12.25-മറുപടി ലഭ്യമാക്കിയിട്ടില്ല)

1-35 തനത് ഫണ്ട് ചെലവുകൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

താഴെ പറയും പ്രകാരം സെക്രട്ടറി തനതു ഫണ്ടിൽ നിന്നും 2024-25 വർഷത്തിൽ ചെലവഴിച്ച വിവിധ ചെലവുകൾക്കനുബന്ധിച്ചുള്ള രേഖകൾ/വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ക്രമ നം.	വൗച്ചർ നം.	ചെലവിന്റെ വിവരം	വിനിയോഗിച്ച തുക	റിമാർക്സ്

	/തീയ്യതി			
1	22400334/ 24.07.24	പൂവത്തിക്കുന്ന് അംഗനവാടി സമീപമുള്ള അപകടാവസ്ഥയിലുള്ള കൂറ്റൻ മഹാഗണി മുറിച്ച് മാറ്റൽ കൂലി	9000 രൂപ	20.06.2024ലെ 7(1) തീരുമാനം പ്രകാരം ലേലം ചെയ്ത് ഒഴിവാക്കാൻ തീരമാനിച്ചിട്ടുണ്ട്. മുറിച്ച് മാറ്റിയ മരം ലേലം ചെയ്ത് തുക മുതൽകൂട്ടിയ വിവരം അറിയിക്കേണ്ടതാണ്.
2	22400099/ 07.05.24	MCF ലേക്ക് 6 എണ്ണം ഫയർ എക്സ്റ്റിംഗ്വിഷർ വാങ്ങലും നിറക്കലും	12980 രൂപ	ക്വട്ടേഷൻ നടപടി സ്വീകരിച്ചില്ല, MCF ലെ സ്റ്റോക്കെടുപ്പ് ,വാറണ്ടി വിവരം ലഭ്യമാക്കിയിട്ടില്ല.
3	22400390/ 07.08.2024	ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ഫോമുകളും മറ്റും വാങ്ങിയത്.	74641 രൂപ	സ്റ്റേഷനറികളും ഫർണ്ണിച്ചർ, കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും ഉൾപ്പടെയുള്ളവ രേഖപ്പെടുത്തുന്ന
4	22400483/ 31.08.2024	ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും	9257 രൂപ	

		ഫയൽ ബോർഡുകളും Iso ബോക്സും വാങ്ങിയത്.		സ്റ്റോക്കിലാണ് രേഖപ്പെടുത്തുന്നത്. ഇവ സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തുകയോ കൈപ്പറ്റ് രേഖപ്പെടുത്തി വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല.
5	22401240/ 21.02.2025	ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും A4 പേപ്പറും Iso ബോക്സും വാങ്ങിയത്.	29823 രൂപ	

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം.20/22.12.25 മറുപടി ലഭ്യമാക്കിയിട്ടില്ല)

1-36 SSK വിശദമായ വിനിയോഗ വിവരം ലഭ്യമല്ല

ഹെഡ് മിസ്ടസ് നിർവ്വഹണം നടത്തിയ, പദ്ധതി നം. 79/2025 - എസ്.എസ്.കെ വിഹിതം നൽകൽ പദ്ധതി മുഖേന താഴെ പറയും പ്രകാരം ₹ 534800/- രൂപ, വൗച്ചർ നം. XVFC/2024-25 /P/25/23.08.2024(CFC) State Project Officer SSK ക്ക് നൽകിയിട്ടുണ്ട്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 (ഖ 8.6.3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്ത ത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന

പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Utilisation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.

2. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

3. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

4. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5. പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല. ആയതിനാൽ തുകയുടെ വിനിയോഗം ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.22/22.12.2025ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതാണെന്നും അറിയിക്കുകയും സ്കൂളുകൾക്ക് അനുവദിച്ച ആനുകൂല്യങ്ങൾ ഉൾപ്പെടുന്ന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയും ചെയ്തു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

1-37 ആശുപത്രി വികസന സമിതിയുടെ വാർഷിക കണക്കുകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

ഗവ. ആയുർവേദ ആശുപത്രി എടക്കര ഗ്രാമ പഞ്ചായത്തിന്റെ ആശുപത്രി മാനേജിംഗ് കമ്മിറ്റി (HMC)യുടെ 2023-24, 2024-25 വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി ബന്ധപ്പെട്ട രേഖകൾ എത്രയും വേഗം ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 31/24-12-2025 നൽകിയെങ്കിലും, 2024-25 ലെ വാർഷികക്കണക്കുകൾ, വൗച്ചറുകൾ തുടങ്ങിയ രേഖകൾ ഹാജരാക്കാത്തതിനാൽ പ്രസ്തുത വർഷങ്ങളിലെ ഓഡിറ്റ് നടത്തിയിട്ടില്ല. ക്ലാർക്ക്, അറ്റൻഡർ തുടങ്ങിയവർ ബി.എൽ.ഒ. ഡ്യൂട്ടിയിലാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചതിനാൽ, അത് അവസാനിച്ചാലുടൻ 2024-25 ലെ വാർഷികക്കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന

എടക്കര ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ).

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം.*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ).	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക.	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക.	റിമാർക്സ്.
14	82500	82500	0	-

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ /തീയതി
2024-25	2024-25 വർഷത്തെ ഓഡിറ്റ് കാലയളവിൽ പരിശോധിച്ചു	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി

4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്, നമ്പർ	ചെലവഴിച്ച തുക	നീക്കിയിരിപ്പ്

ജില്ലാ പഞ്ചായത്ത്	100000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 130/24	100000	0
	1000000	ലൈഫ് ഭവന പദ്ധതി ജനറൽ 114/24	1000000	0
	400000	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 179/24	400000	
ബ്ലോക്ക് പഞ്ചായത്ത്	600000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 130/24	600000	0
	82195	സമഗ്ര നെൽകൃഷി വികസനം 109/24	82195	0

4-4 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ/ബിൽ/ ചെക്ക് നം./തിയ്യതി	മുൻകൂർ നല്കിയ തുക (₹)	ചെലവഴിച്ച തുക (₹)	പൂർത്തീകരിച്ച വിവരം	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
KSEB	വിവിധ പൊതു സ്ഥലങ്ങളിലെ ഇലക്ട്രിക് പോസ്റ്റ്മാറ്റി വെക്കൽ 11/25	1)22400353/01.08.24 – 15262/- 2)22400609/03.10.24 – 13274/- 3)22401347/12.03.25 – 17535	46071	46071	പൂർത്തീകരിച്ചു	0
GWD	പൊതു സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം കൂടിവെള്ള സൗകര്യ മൊരുക്കൽ	1)XVFC/2024-25 /p/3/13.06.24 – 577893/- 2)XVFC/2024-25 /P/28/24.08.24 – 442376	1020269	0	UC/ പൂർത്തീകരിച്ച വിവരം ലഭ്യമല്ല	1020269

	176/25					

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-6 വായ്പ /വായ്പ തിരിച്ചടവ്

വായ്പയുടെ ഉദ്ദേശ്യം	ഉത്തരവ് നം.തീയ്യതി	വായ്പാ തുക	വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി	തൻ വർഷം അടച്ച മുതൽ	തൻ വർഷം അടച്ച പലിശ	വർഷാവസാന ബാക്കി
ലൈഫ്	ലഭ്യമല്ല	10761462	74516195	5921462	0	79356195
ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം	സ.ഉ(സാധാ)2216/13/തസ്വ ഭ വ തിയ്യതി : 02.09.2013	50306721	15742057	ലഭ്യമല്ല	ലഭ്യമല്ല	11249004

കുറിപ്പ്:-

A) ലൈഫ് ലോൺ തിരിച്ചടവിന്റെ (GO പ്രൊജക്ട് പ്രകാരമുള്ള) വിവരങ്ങൾ I 14 (B) യിൽ ഉൾപ്പെടുത്തിയില്ല.

B) GO പ്രൊജക്ട് പ്രകാരം സെക്രട്ടറി തിരികെ അടവാക്കിയത് 6844380 രൂപയാണ്. ആയത് ആകെ - നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല. (വ്യത്യാസം 922918 രൂപ)

C) ലോൺ രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, KURDFC ഗ്രാമപഞ്ചായത്തിന് സമർപ്പിച്ച KURDFC/GP/334/2015 തിയ്യതി : 17.06.2023 കത്തിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഷോപ്പിംഗ് കോംപ്ലക്സുമായി ബന്ധപ്പെട്ട ലോൺ വിവരങ്ങൾ പരിശോധിച്ചത്. ഇത് പ്രകാരം 01.07.23 മുതൽ 79,49,918/- രൂപയാണ് അടവാക്കാനുള്ളത്. മാസത്തവണ 331117 രൂപ നിരക്കിൽ അടവാക്കി 30.09.2025 ന് ലോൺ ക്ലോസ് ചെയ്തതിട്ടുണ്ട്. മേൽ കത്ത് പ്രകാരം 31.03.2025 ന് ശേഷം അടവാക്കാൻ ഉള്ളത് 1986702 (331117 X 6) രൂപയാണ്. എന്നാൽ AFS പ്രകാരം ആയത് 11249004/- രൂപയാണ്, 92622302 രൂപയുടെ വ്യത്യാസം ഉണ്ട്.
പരാമർശം ഖണ്ഡിക 1-1-6 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

4-7 സ്ഥിരനിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	0
തൻവർഷം നിക്ഷേപിച്ച തുക	7500000
ആകെ	7500000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	7500000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

നിക്ഷേപത്തിന്റെ വിവരം	തുക	രശീതി നം

ഈസ്റ്റ് ഏറനാട് സർവ്വീസ് സഹകരണ ബാങ്ക്	2500000	1001034647/31.08.2024
ഈസ്റ്റ് ഏറനാട് സർവ്വീസ് സഹകരണ ബാങ്ക്	2500000	1001034648/31.08.2024
ഈസ്റ്റ് ഏറനാട് സർവ്വീസ് സഹകരണ ബാങ്ക്	2500000	1001034649/31.08.2024
ആകെ	7500000	

4-8 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും	രശീതി നമ്പർ
ലഭ്യമല്ല	ലഭ്യമല്ല	620	അമീർ അജ്വദ്	1240101416/11.07.2024
2022-23	1-23	33450	മെഡിക്കൽ ഓഫീസർ ആയുർവേദം	1240101475/13.07.2024
ലഭ്യമല്ല	ലഭ്യമല്ല	7163	MGNREGS ഓഫീസ്	1240102609/04.10.2024

ആകെ		41233		

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-7	2016-17	--	വസ്തു നികുതി അപാകതകൾ	നടപടി തുടരുന്നു.
	2-2		--	തൊഴിൽ നികുതി അപാകതകൾ	
2011-12, 2012-13	3(2)	2014-15	--	കർഷകത്തൊഴിലാളി പെൻഷൻ അവലോകനം.	നടപടി തുടരുന്നു.

4-10 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ക്രമ	റിപ്പോർട്ട്	ഖണ്ഡിക	ഉത്തരവാദിയായ	സർ ചാർജ്ജ്	ഇപ്പോഴത്തെ

നമ്പർ	വർഷം	നമ്പർ	വ്യക്തി	സർട്ടിഫിക്കറ്റ്		അവസ്ഥ
				നമ്പറും തിയതിയും	തുക	
1	1996-97	33(1),(2), 34	ശ്രീ.പി.കുമാരൻ	LF 1935/Spl.Cell /SC3/2000 Dt.27.05.2012	15,604	റിപ്പോർട്ട് ചെയ്തിട്ടില്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം.

(എ). സംക്ഷിപ്ത വിവരം.

ഓഡിറ്റ് വർഷത്തെ വരവ്	100004048
ഓഡിറ്റ് വർഷത്തെ ചെലവ്	99760692
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1020269

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും
1-29	1020269	ശ്രീ. കെ കെ രാധാകൃഷ്ണൻ, സെക്രട്ടറി
ആകെ	1020269	

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

ഇല്ല.

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ

		എണ്ണം
1996-97	കെ എസ് എ-എം പി എം26/957/18 തി.23.05.18	5
1997-98	കെ എസ് എ-എം പി എം26/957/18 തി.23.05.18	1
2002-03	കെ എസ് എ-എം പി എം26/1543/2019(3) തി.18.10.19	2
2003-04	കെ എസ് എ-എം പി എം26/1543/2019(4) തി.18.10.19	1
2004-05	കെ എസ് എ-എം പി എം26/1543/2019(5) തി.18.10.19	17
2005-06	കെ എസ് എ-എം പി എം26/1543/2019(6) തി.18.10.19	16
2006-07	എൽ.എഫ്.എം.05/1655/09 തി.07.10.11	32
2007-08	കെ എസ് എ-എം പി എം26/2706/19 തി.12.11.2021	11
2008-09	കെ എസ് എ-എം പി എം26/2706/19 തി.12.11.2021	12
2009-10	കെ എസ് എ-എം പി എം26/2706/19	14

2010-11	തി.12.11.2021	
2011-12 2012-13	കെ എസ് എ-എം പി എം26/1071/23(6) തി.26.05.2023	11
2013-14 2014-15	കെ എസ് എ-എം പി എം26/1071/23(7) തി.26.05.2023	3
2016-17	കെ എസ് എ-എം പി എം26/1071/23(9) തി.26.05.2023	9
2017-18	കെ എസ് എ-എം പി എം26/1071/23(10) തി.26.05.2023	18
2018-19	കെ.എസ്.എ/എം.പി.എം.26/214/2020 തി:03-11-2020	26
2019-20	കെ.എസ്.എ.എം.പി.എം.26/1485/21 തി:11-05-2022	37
2020-21	കെ.എസ്.എ.എം.പി.എം.26/1486/2021 തി:22-07-2022	30
2021-22	കെ.എസ്.എ.എം.പി.എം.26/391/2021 തി:15.06.2023	25
2022-23	കെ.എസ്.എ.എം.പി.എം.26/2617/2023 തി: 22.03.2024	23

2023-24	കെ.എസ്.എ.എം.പി.എം.26/2573/2024 തി: 05.03.2025	26

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2(1) dated 28-06-2025 and submitted on 15-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Edakkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made,

as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Edakkara Grama Panchayat as on 31-03-2025

Date: 23/01/2026 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Edakkara Grama Panchayat for the Year 2024-2025.

1.Major Observations

NIL

2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for audit.

Ratios

Notes on accounts

Comparative amounts

2.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. The ACR and AFS for the items in grant heads are differed

4. Audit recovery register not produced for audit

5.Worksheet for the calculation of depreciation was not presented for audit.

6. No abstract was written and certified in the loan register, Hence the authenticity of the two loan details recorded in the AFS could not be ensured.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ എടക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്